# വൈഖരി

## ചെറുപുഷ്പം .ജി.എച്ച്.എസ്.എസ്

**വടക്കഞ്ചേരി - പാലക്കാട് , പിൻ: 678683**



# കൈറ്റ്-കേരള ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ

# ആത്മവിദ്യാലയമേ....
# നമോവാകം......






**പ്രധാനാധ്യാപികയും കൈറ്റ് മിസ്ട്രസുമാർക്കുമൊപ്പം**
**ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ.......**

# ഉയരങ്ങളിലേയ്ക്ക് പറക്കാൻ ചിറകുതന്നവർ.......



***ശ്രീമതി. ഷീജ റോബർട്ട്***
***(കൈറ്റ് മിസ്ട്രസ്)***
***എച്ച്. എസ്. എ ഇംഗ്ലീഷ്***
***ചെറുപുഷ്പം ജി.എച്ച്.എസ്.എസ്***
***വടക്കഞ്ചേരി***



***സി. ആർഷ***
***(കൈറ്റ് മിസ്ട്രസ്)***
***എച്ച്. എസ്. എ മലയാളം***
***ചെറുപുഷ്പം ജി.എച്ച്.എസ്.എസ്***
***വടക്കഞ്ചേരി***



# ഇ-മാഗസിൻ
# എഡിറ്റോറിയൽ ബോർഡ്

# മുഖമൊഴി

ഹൃദയത്തിന്റെ ഉള്ളറയിൽ നിന്ന് ഉച്ചസ്വരത്തിൽ പുറത്തു വരുന്നൊരു ചിന്ത......നാദമായ് പുറപ്പെടുന്ന ശബ്ദസ്വരൂപം അതത്രേ വൈഖരി!

മനുഷ്യന്റെ ചിന്താശേഷി വർദ്ധമാനമായ തോതിൽ വികാസം പ്രാപിച്ച്, ചക്രവാളം സീമകളെ അതിലംഘിച്ച് അതിവേഗം മുന്നോട്ടുപോകുന്ന വിസ്മയകാഴ്ചകളാണ് നമുക്കിന്നു കാണാൻ കഴിയുക.

ചക്രവാളങ്ങൾ അനന്തതയുടെ പാഠമാണ്. കണ്ണെത്തും ദൂരത്തിലുള്ള കാഴ്ചകളിൽ നിന്ന് കണ്ണെത്താ ദൂരങ്ങളിലുള്ള സ്വപ്നങ്ങളിലേക്കുള്ള വാതിലാണ് ചക്രവാളം. ഒപ്പം കൺമുന്നിലുള്ള കാഴ്ചകളെ വിട്ട്, സ്ഥിരക്കാഴ്ചകളെ മറികടന്ന് വ്യത്യസ്ത കാഴ്ചകൾ കാണാൻ ചക്രവാളം നമ്മെ ക്ഷണിക്കുന്നു.

ഹൃദയസ്പന്ദനംകൊണ്ട് ജ്വലികടന്ന തീപ്പൊരിയായി ചിന്താധാരകൾ പരിവർത്തനം ചെയ്യപ്പെടട്ടെ! ചക്രവാളങ്ങൾ കാണുമ്പോൾ അവിടെയാണ് എല്ലാത്തിന്റെയും അവസാനം എന്നു കരുതരുത്. ഓരോ അവസാനവും ഓരോ ആരംഭമാണ്. പുതിയതു നേടാൻ പലതും കൈവെടിയണം.

വിവരവിനിമയ സാങ്കേതിക വിദ്യയുടെ വിസ്മയ വിസ്ഫോടനത്തിൽ ആമഗ്നരായിരിക്കുന്ന നമുക്ക് ഉന്നത സാങ്കേതിക വിദ്യയുടെ സ്വപ്നചിറകിലേറി അറിവിന്റെ വിഹായസ്സിലേക്ക് പറന്നുയരാൻ........ഭാഷയിലൂടെ......... ശബ്ദധാരയായ്.............പടർന്നൊഴുകാൻ, ധിഷണയും, ചിന്താശേഷിയും നിർലീനമായ വൈഖരിയിൽ നിന്ന് ശബ്ദത്തിനും ഭാഷയ്ക്കും അതീതമായ സാങ്കേതിക വിദ്യയുടെ ലോകത്ത്, വിരൽത്തുമ്പാൽ അത്ഭുതം കുറിച്ച്....... അസ്തമയ ചക്രവാളത്തിൽ നിന്ന്...... ഉദയചക്രവാളത്തിലേക്കു നടന്നു നീങ്ങാം.......



# ആശംസ...

2018-19 അധ്യയന വർഷത്തിൽ ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് എന്ന പുതുസംരംഭം വിദ്യാലയത്തിനകത്തും പുറത്തും പുതുചലനം സൃഷ്ടിച്ചും, ഈ വിദ്യാലയത്തിന്റെ അക്കാദമിക-അക്കാദമികേതര പ്രവർത്തനങ്ങളെ പുറംലോകത്തെത്തിച്ചും, ഐ.ടി ഉപകരണങ്ങളുടെ അനന്തസാധ്യതകളെ മികവാർന്നരീതിയിൽ ഉപയോഗിച്ചുകൊണ്ട് ചെറുപുഷ്പത്തിന്റെ യശസ്സിനെ വാനോളം ഉയർത്തിയ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും, അവർക്കു നേതൃത്വം നൽകുന്ന കൈറ്റ് മിസ്ട്രസ്സുമാർക്കും അഭിനന്ദനങ്ങൾ............ നിങ്ങൾ നിർവ്വഹിക്കുന്ന ഇ-മാഗസിൻ എന്ന പുതുമയാർന്ന ഡിജിറ്റൽ സംരംഭത്തിന് എല്ലാ വിധ മംഗളങ്ങളും ആശംസിക്കുന്നു.

**സി.റോസ്‌ലിൻ മാത്യു സി. എച്ച്. എഫ്**
**പ്രിൻസിപ്പൽ,**
**ചെറുപുഷ്പം ജി. എച്ച്. എസ്സ്.എസ്സ്**
**വടക്കഞ്ചേരി**



# ആശംസ..

ചെറുപുഷ്പം ഗേൾസ് ഹയർ സെക്കന്ററി സ്കൂളിന്റെ ചരിത്രത്തിൽ ഒരു പൊൻതൂവൽ ചാർത്തികൊണ്ട് 2018-ന്റെ പൊൻപുലരിയിൽ സമാരംഭം കുറിച്ച ലിറ്റിൽ കൈറ്റ്സ് എന്ന നവാഗത സംരംഭത്തിലൂടെ, 40 ലിറ്റിൽ കൈറ്റ്സ് അംഗങ്ങളും,2 കൈറ്റ് മിസ്സ്ട്രസ്സുമാരുമടങ്ങുന്ന ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഈ വിദ്യാലയത്തിൽ വളരെ ഊർജസ്വലമായി പ്രവർത്തിച്ചു വരുന്നു. ഐ. ടി ഉപകരണങ്ങളുടെ വിനിയോഗവും, ഹൈ-ടെക് ക്ലാസ് മുറികളുടെ പരിപാലനവും, ശ്ലാഘനീയമാംവിധം നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന ലിറ്റിൽ കൈറ്റംഗങ്ങൾക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു. ഒപ്പം നിങ്ങളുടെ നവസംരംഭമായ ഇ-മാഗസിൻ ഏറ്റവും വിജയകരമായി തീരുന്നതിന് ഹൃദയം നിറഞ്ഞ ആശംസകൾ!!!

**സി. ശോഭാ റോസ് സി. എച്ച്. എഫ്**
**ഹെഡ്മിസ്സ്ട്രസ്സ്**
**ചെറുപുഷ്പം ജി. എച്ച്. എസ്സ്. എസ്സ്**
**വടക്കഞ്ചേരി.**



ആത്മസമ്പത്തായ ഗുരുപാദങ്ങളിൽ
ആദരവോടെ......

# ഇതളുകൾ വിടരുമ്പോൾ


കൈറ്റ്സ്... ലിറ്റിൽ കൈറ്റ്സ്........13
കടലിൽ കിളിർത്ത പുൽനാമ്പ്........14
പുഴതൻ നൊമ്പരം........16
കൃഷി ചൊല്ലുകൾ........18
വിദ്യാർത്ഥികളും അച്ചടക്കവും........19
ടിന്റുമോൻ ഫലിതങ്ങൾ........21
കാലത്തിന് മുൻപേ നടന്ന്........22
ഗുരുസാഗരം........24
രാജലക്ഷ്മിക്കഥയിലെ, സ്ത്രീസ്വത്വാവിഷ്ക്കാരം........25
അമർ രഹേ അബ്ദുൾ കലാം........28
ഖനിഗർഭം........30
നവകേരളം........32
കാട്ടിലെ കച്ചവടം........36
എന്റെ മലയാളം........38
ജൈവമാക്കാം കൃഷി........39
ജീവിതം........40
അവൾക്കായ്........42
മദ്യപാനം ഒരു വിപത്ത്........43
പുതുമഴ........45
ചരിന്നഗ്രഹം പെരിയ രഹസ്യം........46
കലിയുഗം........47
പൂമരം........50
ഞാറ്റുവേലക്കാലം........52
കേരളീയ സംസ്കാരം കാർഷിക സംസ്കാരം........52
നഷ്ട സ്വപ്നങ്ങൾ........54
ചന്ദനം........56
സെർച്ചിംഗ്........59
പുഴയുടെ കൈകൾ........61
എഴുതാനിരിക്കുന്നവന്റെ മേശപ്പുറത്ത്........63
ഗുരോ പ്രണാമം........66

# കൈറ്റ്സ്.. ലിറ്റിൽ കൈറ്റ്സ്.....

ചരടിൽ ഉയരുന്ന പട്ടം
കാറ്റ് ദിശ തീർക്കും പട്ടം
കാറ്റിലുലഞ്ഞാലും കരയിലലയാത്ത
ഗഗന സഞ്ചാരിയാണ ഞാൻ
എത്ര കാഴ്ച്ചകൾ കണ്ടു ഞാൻ
പുതിയ ആകാശം തീർത്തു ഞാൻ
ചരടിലുയരുന്ന പട്ടം പോലൊരു
വിരലിലുണരുന്ന പട്ട മുണ്ട-
റിയുമോ നിങ്ങൾക്കറിയുമോ.....
കുട്ടിക്കളിയല്ലീ പട്ടം
ശാസ്ത്ര സങ്കേത മാർഗ്ഗേ ഞാനിന്നു
നവ്യ ലോകങ്ങൾ തീർക്കുന്ന
വർണ്ണ-വിസ്മയ ചലനങ്ങൾ തീർക്കുന്ന
യന്ത്രലോകത്തിലാണ ഞാൻ
ഞാൻ പറക്കും; പറപ്പിക്കും,' നിങ്ങളെ'-
എന്നടെ പേരു താൻ

*"ലിറ്റിൽ കൈറ്റ്സ്"*

സി. ആർഷ,
(കൈറ്റ് മിസ്ട്രസ്)
എച്ച്. എസ്.എ മലയാളം

# കടലിൽ കിളിർത്ത പുൽനാമ്പ്

എവിടെയും ശാന്തം! എല്ലാം നിശ്ചലം! അവളുടെ ആഗ്രഹങ്ങൾക്കു ചിറകു നൽകിയ അമ്മയും, ഓർമ്മകളുടെ ഏകാന്തതയിലേക്ക് ചേക്കേറി.പറക്കമുറ്റാത്ത ഒരനിയനെയും അനിയത്തിയെയും കൈയ്യിലൊതുക്കി കടലമ്മയുടെ വിദൂരതയിലേക്ക് അവൾ നോക്കിയിരുന്നു.ഒരായിരം പ്രതീക്ഷകളോടെ...

കടലിന്റെ തീരത്ത് കുഞ്ഞുമാളുവിന്റെ അച്ഛൻ തീർത്ത കുടിൽ അവൾക്കും കുഞ്ഞനിയനും അനുജത്തിക്കും അമ്മയ്ക്കുമെല്ലാം സ്വർഗ്ഗമായിരുന്നു. കടലമ്മയുടെ കൈകളിൽ അവരുടെ രാപ്പകലുകൾ കടന്നുപോയി. ജനലഴികളിൽ സൂര്യൻ തട്ടി വിളിക്കുമ്പോൾ മുതൽ അവൾ കടലിനോട് സംവദിക്കാൻ തുടങ്ങും.പച്ചിലകളേയും കടലിനേയും മരങ്ങളേയും പുൽക്കൊടിയേയും സ്നേഹിച്ച അവൾ പ്രകൃതിയുടെ മകളായിരുന്നു.

അവളുടെ സ്വപ്നങ്ങളെല്ലാം കടലുമായി പങ്കിട്ടു....... ജീവിതമാർഗ്ഗത്തിനായി കടലിൽ അദ്ധ്വാനിച്ചു വളർന്ന അച്ഛന് കടലൊരു കൂട്ടുകാരനായിരുന്നു. എന്നാൽ അന്ന് അച്ഛൻ കടൽ കടന്നത് മകളുടെ സ്വപ്നസാക്ഷാത്കാരത്തിനായിരുന്നു. പിന്നീടൊരിക്കലും അച്ഛൻ തിരിച്ചുവരില്ല എന്നറിഞ്ഞ നിമിഷംമുതൽ അവൾ അവളുടെ ആഗ്രഹങ്ങൾക്ക് വിലങ്ങിട്ടു.പിന്നീട് ആ വിലങ്ങ് പൊട്ടിച്ചുകൊണ്ട് പറക്കാൻ ചിറകുനൽകിയത് അവളുടെ അമ്മയാണ്. അവളുടെ ധൈര്യവും പ്രചോദനവും ആ അമ്മയായിരുന്നു. അച്ഛന്റെ ഉത്തരവാദിത്വവും അവൾ ഏറ്റുവാങ്ങി. കടലുമായി സൗഹൃദം പങ്കിട്ട അവൾ കൂടുതൽ സ്വപ്നം കാണാൻ പഠിച്ചു.

രാത്രിയുടെ നിലാവിൽ മുറിക്കുള്ളിൽ കിടന്ന് കടലിന്റെ ഇരമ്പം കേട്ട് അവൾ ചോദിച്ചു: "അമ്മേ,കടലമ്മയുടെ തിരമാലകൾക്ക് ഇന്ന് ശക്തികൂടിയിട്ടുണ്ടോ?" ഇനിയൊരു ദുരന്തം കൂടി പേറാനാവാത്തതുകൊണ്ടാവാം ആ അമ്മ ചോദിച്ചു: "കടലിന്റെ രൗദ്രഭാവം കാണേണ്ടി വരുമോ,മോളേ?"

ഈ വാക്കുകളിൽ അച്ഛന്റെ അസാന്നിദ്ധ്യവും നിഴലിച്ചിരുന്നു. "ഇല്ലമ്മേ കടല് ചതിക്കില്ല".തീർത്തും വിശ്വാസത്തോടെ അവൾ പറഞ്ഞു.

പിറ്റേന്ന് പുലരുമ്പോൾ അവളുടെ വിശ്വാസത്തിനപ്പുറം അവരുടെ ജീവിതം കടലിനടിയിലായി. വീട്ട് മുറ്റത്ത് വരെ കടലിന്റെ ഇരമ്പം എത്തിയിരിക്കുന്നു. ജനലരികിൽ കൂടി നോക്കിയപ്പോൾ അന്നാദ്യമായി കടലിന് രൗദ്രഭാവമുണ്ടെന്ന് അവൾക്ക് തോന്നി. കടലോളങ്ങൾ മാത്രം കണ്ടുവളർന്ന അനിയൻ കടലിന്റെ മാറ്റമറിയാതെ തിരമാലകൾക്കുള്ളിലേക്ക് ഓടി മാഞ്ഞു. കടലിന്റെ ആർത്തിരമ്പൽ അവനൊരു കൗതുകമായിരുന്നു. തിരമാലകളിൽ അകപ്പെട്ട അവന്റെ രക്ഷകയായി അമ്മയും കടലിന്റെ മടിത്തട്ടിലേക്ക് ഓടിപ്പോയി.

കുഞ്ഞനിയനെ രക്ഷിച്ചുകൊണ്ട് തീരത്തോടടുക്കാൻ ശ്രമിക്കുന്നതിനു മുമ്പേ അമ്മയുടെ കാൽ വഴുതി. മാളുവിന്റെ നിർഭാഗ്യത്താൽ അവൾ അനിയനെ പുണർന്നതും കടൽ അമ്മയെ പുണർന്നതും ഒരുമിച്ചായിരുന്നു. ആ നിമിഷം അമ്മയും മാഞ്ഞുപോയി എന്നവൾ തിരിച്ചറിഞ്ഞു. അവർ കൊടുത്ത ധൈര്യം ആർജിച്ചുകൊണ്ട് കുഞ്ഞനിയനും അനിയത്തിക്കും കാവലായി ആ രാത്രി മുഴുവൻ അവൾ കൺമിഴിച്ചിരുന്നു.

പിറ്റേന്ന് രാവിലെ മണൽതരികൾ ഒഴുകിയിടത്ത് സൂര്യകിരണങ്ങൾ ചിതറിവീഴുന്നത് നോക്കിയിരുന്ന അവളുടെ ഉള്ളിൽ ഒരു പുൽനാമ്പ് കിളിർത്തു. അവളുടെ അച്ഛനും അമ്മയും അലിഞ്ഞുചേർന്ന ആ കടലമ്മയിലൂടെ തന്നെ ആ പുൽനാമ്പ് തളിർക്കുകയും വളരുകയും പച്ചയിട്ടുകയും ചെയ്തു.........



സജീന.എ

10-സി

# പുഴതൻ നൊമ്പരം

വിരഹിണിയാം ഒരു ഗായികയീ പുഴ....
പാടുന്നു തൻ ദു:ഖങ്ങൾ ഓരോന്നായ്
ദു:ഖമില്ലാതീയുലകിൽ ആരുമില്ലെങ്കിലും
ഉണ്ടാകുമല്ലോ സന്തോഷത്തിനൊ-
രംശമെങ്കിലും
അർബുധത്തേക്കാൾ കാഠിന്യമേറിയ
പ്ലാസ്റ്റിക്ക് കൊട്ടുകൾ പിടിച്ചുപറ്റുന്നു!

എൻ ഹൃത്തടത്തിൽ
പിറന്നുവീഴുന്ന ഓരോകുഞ്ഞിനും
ദാഹമകറ്റാൻ നൽകുന്ന ഞാൻ
വിഷഭരിതമായ ജല കണികകൾ
അമൃതിൻ സ്വാദിലുള്ളയൊരു
വെള്ളത്തെ വിഷമാക്കുന്നു
നമ്മുടെ മനുഷ്യർ!

വിരഹിണിയാം അവൾ പാടുന്നു
പൂർവീകർ യുദ്ധം ചെയ്യുന്നു
കനകത്തിനും കാമിനിക്കും വേണ്ടി
ഇനിയൊരു യുദ്ധം ജലത്തിന് വേണ്ടിയാ-

നെഞ്ചിലടങ്ങാത്ത വേദനയുമായ്
അവർ കാത്തിരിക്കുന്നു
നന്മയുള്ളൊരു നാളേക്ക് വേണ്ടി.............



രഗദ മജീദ്
9-ഇ

# കൃഷി ചൊല്ലുകൾ

* കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും മാണിക്യം.
* പറിച്ചുനട്ടാലേ കരുത്തുകൂട്ടൂ.
* അതിവിളവിന് അരി അങ്ങാടിയിൽ.
* ഇളങ്കോടൻ പടയ്ക്കാകാ ഇളന്തേങ്ങ കറിക്കാകാ!
* ഉഴുന്നകാള വിത്തറിയണ്ട.
* ഒരു വിത്തുവിതച്ചാൽ പല വിത്തു വിളയാ.
* ഇന്നലെ പെയ്ത മഴയ്ക്ക് ഇന്ന് മുളച്ച തകര.
* കച്ചി കെട്ടാനുള്ള കയറ് കച്ചിയിൽ തന്നെ ഉണ്ട്.
* കടയ്ക്കൽ നനച്ചേ തലയ്ക്കൽ പൊടിക്കൂ.
* കണ്ടം വിറ്റ് കന്നിനെ വാങ്ങിയിട്ടെന്താ ?
* കതിരിന്മേൽ വളം വയ്ക്കരുത്.
* കാലത്തേ വിതച്ചാൽ നേരത്തെ കൊയ്യാം.
* കണ്ടം നന്നല്ലാത്തേനു കന്നിനെ തല്ലിയിട്ടെന്താ ?



കാവ്യ.കെ
9-ബി

# വിദ്യാർത്ഥികളും അച്ചടക്കവും

ജീവിതപ്പാത സുസ്ഥിരവും സുഖമവും ആവണമെങ്കിൽ ആവശ്യം വേണ്ട ഘടകം അച്ചടക്കം തന്നെയാണ്. അച്ചടക്കം മൗനം പാലിക്കലല്ല. വേണ്ട സമയത്ത് വേണ്ടതുപോലെ പ്രതികരിക്കുകയാണ്; അച്ചടക്കത്തിന്റെ മൗലികത. ശരിയായ ഒരു ജീവിതക്രമം, അനുസരണശീലം, നല്ലപെരുമാറ്റം ,അഭിമാനബോധം തുടങ്ങിയ എല്ലാ കാര്യങ്ങളും വിദ്യാർത്ഥിക്ക് ആവശ്യമാണ്.

സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അച്ചടക്കമില്ലായെന്നു പറയുമ്പോൾ കേവലം ശബ്ദമല്ല, മറ്റെന്തല്ലാമോ ഉണ്ട്. ഒരു ജനതയുടെയോ സമൂഹത്തിന്റെയോ അമിത സ്വാതന്ത്ര്യം അച്ചടക്കമില്ലായ്മയായി കരുതുന്നു. അച്ചടക്കരഹിതമായ ഒരു സമൂഹം വളരുന്നത് എന്തുകൊണ്ടാണ്? ആത്മസുരക്ഷിതത്വം ഇല്ലാത്തതാണ് ഒരു കാര്യം, അത്മസംരക്ഷണം നശിക്കുമ്പോൾ അച്ചടക്കരാഹിത്യം ജനിക്കുന്നു.

ഒരോ വിദ്യാർത്ഥിയിലും അച്ചടക്കം അടിച്ചേൽപ്പിക്കാൻ ആവില്ല. അച്ചടക്കം സ്വയം ശീലിക്കുന്ന ആത്മഗുണമാണ് മറ്റൊരാളെ ബോധ്യപ്പെടുത്താൻ വേണ്ടി ശീലിക്കുന്ന ഒന്നല്ല, സ്വയം ബോധ്യമായാലേ അച്ചടക്കം പാലിക്കൂ.

ഇന്നത്തെ കുട്ടികൾ നാളത്തെ പൗരന്മാരാണ്. അവരിലെ ക്രിയാത്മകത പൊതുമുതൽ നശിപ്പിക്കുന്നതിലേക്കോ അധ്യാപകരെ അനാദരിക്കുന്നതിലേക്കോ തിരിയാൻ പാടില്ല. പുതിയ കരിക്കുലം കുട്ടികളുടെ പാരസ്പര്യത്തിനും പ്രാധാന്യം നൽകുന്നു. ഭാവിയെ കുറിച്ചുള്ള ആശങ്ക അച്ചടക്കരാഹിത്യത്തിന് കാരണമാകുന്നുണ്ട്. തൊഴിൽ മേഖലയ്ക്ക് പ്രാധാന്യം നൽകുന്ന വിദ്യാഭ്യാസം ആശങ്ക ലഘൂകരിക്കും, സമ്പാദ്യശീലം അച്ചടക്കം വർധിപ്പിക്കും, ഉത്തരവാദിത്വം അച്ചടക്കം ഉണ്ടാക്കും. തങ്ങളാരാണെന്ന സ്വയം ബോധവും അച്ചടക്കം വർധിപ്പിക്കും.



**അനഘ എസ്**
**9- എ**

# ടിന്റുമോൻ ഫലിതങ്ങൾ

ടിന്റുമോൻ ഡോക്ടറേ കാണാൻ ആശുപത്രിയിൽ പോയി. അപ്പോൾ ഡോക്ടർ മറ്റൊരു രോഗിയെ പരിശോധിക്കുകയായിരുന്നു.

ഡോക്ടർ :യുവർ കിഡ്നി ഫെയിൽഡ് !!!

രോഗി : അതിന് കിഡ്നി സ്കൂളിൽ പോയിട്ടില്ലല്ലോ?

ടിന്റു : അപ്പോൾ അറ്റൻഡൻസ് ഷോട്ടേജായിരിക്കും.

ഡുണ്ടു : ടിന്റു,ഗാന്ധിജി ആരാ??

ടിന്റു : ദിനേഷന്റെ അച്ഛൻ..

ഡുണ്ടു : അതെങ്ങനെ??

ടിന്റു : നീ കേട്ടിട്ടില്ലേ? 'ഗാന്ധിജി ഫാദർ ഓഫ് ദി നേഷൻ'



മാളവിക.എം

9-എ

# കാലത്തിന് മുൻപേ നടന്ന്.......

ശാസ്ത്രസാങ്കേതികജ്ഞാനം നൽകിയ നേട്ടവും രാഷ്ട്രീയ ഭാവനയാൽ പ്രേരിതമായ ഉൾക്കാഴ്ചയും സമന്വയിച്ച അസാധാരണ വ്യക്തിത്വമായിരുന്ന ഡോ.എ.പി.ജെ അബ്ദുൾകലാം. ജനകീയനായ വേറിട്ടൊരു നേതാവ് എന്ന ബഹുമതിക്കുകൂടി അർഹനായ ഇന്ത്യയുടെ പതിനൊന്നാം രാഷ്ട്രപതി.

ഇന്ത്യയുടെ മിസൈൽ പദ്ധതികളുടെ പിതാവ് എന്നറിയപ്പെടുന്ന അദ്ദേഹം 1998 ൽ ഇന്ത്യയുടെ രണ്ടാമത്തെ ആണവ പരീക്ഷണമായ 'ഓപ്പറേഷൻ ശക്തി'[1]ക്ക നേതൃത്വം നൽകി. പരമോന്നത ബഹുമതിയായ ഭാരതരത്നം കലാമിനു സമ്മാനിച്ച് രാജ്യം അദ്ദേഹത്തെ ആദരിച്ചു.

തമിഴ് നാട്ടിലെ രാമേശ്വരത്തു സാധാരണ കുടുംബത്തിൽ ജനിച്ച അദ്ദേഹം കഠിനാധ്വാനവും ശുഭപ്രതീക്ഷയും കരുത്തായി കൊണ്ടു നടന്നു. ഇന്ത്യയെ ലോകരാഷ്ട്രങ്ങളുടെ മുൻനിരയിലെത്തി- ക്കാൻ വേണ്ട മാർഗദർശനം നൽകാനാണ് ജീവിതകാലമത്രയും അദ്ദേഹം ശ്രമിച്ചത്.

കുട്ടികൾക്കും മുതിർന്നവർക്കും ഒരു പോലെ പ്രിയങ്കരമായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗങ്ങളും രചനകളും. രാഷ്ട്രപതി പദവിയിലായിരിക്കുമ്പോഴും ജനങ്ങൾക്കിടയിൽ തന്നെയായിരുന്നു അദ്ദേഹം. യുവതലമുറ എപ്പോഴും അദ്ദേഹത്തിനായി കാതോർത്തു. എൺപത്തിനാലാം വയസിലും രാത്രി ഒരുമണിവരെ വായനയ്ക്കും ആരാധകരുടെ ഇ–മെയിൽ സന്ദേശങ്ങൾക്ക് മറുപടിനൽകാനുമായി അദ്ദേഹം ചെലവഴിച്ചു. താൻ 1.6 കോടി ഇന്ത്യൻ യുവാക്കളെ നേരിട്ടു കണ്ടു സംസാരിച്ചതായും രാജ്യത്തിന്റ ഭാവി അവരിൽ ഭദ്രമാണെന്നും ഒരിക്കൽ അദ്ദേഹം പറഞ്ഞു.

---

1 ഓപ്പറേഷൻ ശക്തി -5 ന്യൂക്ലിയർ ഉപകരണങ്ങളുണ്ടാകുന്ന പ്രവർത്തനമാണ് ഓപ്പറേഷൻ ശക്തി.

സായുധസേനയുടെ നവീകരണത്തിനായി എന്നും വാദിച്ച ഡോ. കലാം രാഷ്ട്രപതിയായിരിക്കെ ഹിമാലയത്തിൽ 18000 അടി ഉയരത്തിലുള്ള സിയാച്ചിൻ ക്യാംപിലെത്തി ജവാന്മാരെ സന്ദർശിച്ചത് സേനാംഗങ്ങൾക്കു പുത്തനനുഭവമായിരുന്നു. പോർവിമാനത്തിൽ പറന്ന ആദ്യ രാഷ്ട്രപതിയെന്ന നിലയിലും അദ്ദേഹം ചരിത്രം സൃഷ്ടിച്ചു.

രാഷ്ട്രപതിയെന്ന നിലയിൽ അദ്ദേഹത്തിന്റെ ഏറ്റവും വലിയ സംഭാവന ഇന്ത്യയ്ക്ക് ഒരു വികസന അജൻഡ നൽകിയതാണ്. വികസനത്തെപ്പറ്റി വെറുതെ പറയുകയല്ല, വികസന മാതൃകകൾ മുന്നോട്ട് വയ്ക്കുകയായിരുന്നു അദ്ദേഹം. ശാസ്ത്രജ്ഞനെന്ന നിലയിൽ വർഷങ്ങൾ കേരളത്തിൽ ചെലവഴിച്ച അദ്ദേഹം സംസ്ഥാനത്തിന്റെ പ്രശ്നങ്ങളും സാധ്യതകളും തൊട്ടറിഞ്ഞു. രാഷ്ട്രീയവ്യത്യാസമില്ലാതെ എല്ലാവരും ഈ വികസനമന്ത്രം അംഗീകരിക്കുകയും ചെയ്തു.

ഇരുപത്തൊന്നാം നൂറ്റാണ്ടിലെ ഇന്ത്യയിലൂടെ അതിവേഗം നടന്നുപോയ ഇന്ത്യയുടെ ശോഭനമായ ഭാവിയെപ്പറ്റി മറ്റാർക്കും സാധ്യമാകാത്ത സ്വപ്നങ്ങൾ കണ്ട അസാധാരണ പ്രതിഭാശാലി എന്നാകും ചരിത്രം ഡോ.കലാമിനെ വിലയിരുത്തുക. ആർക്കും അത്രവേഗം നടന്ന് ഒപ്പമെത്താൻ കഴിയാതെ പോയ ഒരാൾ!



അമൃത എം
9- ബി

# ഗുരുസാഗരം

അമ്മയുടെ സ്നേഹം അമൃതാണെന്ന്
ഓതിപഠിപ്പിച്ച ഗുരുവേ നമിക്കുന്നു ഞാൻ
അക്ഷരലോകത്തിൻ വാതിൽ എൻ മുമ്പിൽ
തുറന്നുകാട്ടി ആദ്യമായി പിച്ചവെയ്ക്കാൻ
പഠിപ്പിച്ച ഗുരുവേ പ്രണമിപ്പൂ ഞാൻ

ആകാശം അവസാനിക്കുന്നില്ല അനന്തമാണ്
അതുപോൽ തന്നെ ചിന്തിപ്പൂ,
ആകാശത്തിനപ്പുറം ആശ്ലേഷിപ്പൂ
ആദരവോടെ അറിവിൻ സാഗരമേ....

വിളക്കുതെളിയിച്ച വിശ്വസ്വരൂപമേ
വിനയം സാദരം നിറയ്ക്കണമെന്നുള്ളിൽ
നിർമ്മലസ്വരൂപമേ...!!



ശ്രീലേഖ രാജഗോപാൽ
9.ഇ

# രാജലക്ഷ്മിക്കഥയിലെ, സ്ത്രീസ്വത്വാവിഷ്ക്കാരം

'സ്ത്രീ'യുമായി ബന്ധപ്പെട്ട വിഷയങ്ങൾ എല്ലാകാലത്തും ചർച്ചയ്ക്കി വിഷയമാവാറുണ്ട്. ഈ കാലഘട്ടത്തിൽ ഇത്തരം വിഷയങ്ങളുടെ ചർച്ച പ്രസക്തവുമാണ്. വിവിധ കാലഘട്ടങ്ങളിലും വ്യത്യസ്ത സാമൂഹ്യ ചുറ്റുപാടുകളിലും ഫെമിനിസത്തിന് വ്യത്യസ്ത മുഖങ്ങൾ കൈവന്നിട്ടുണ്ട്.

പാശ്ചാത്യസാഹിത്യത്തിൽ എമിലിബ്രോണ്ടിയ്ക്കുള്ള സ്ഥാനമാണ് മിക്ക നിരൂപകരും മലയാളത്തിൽ രാജലക്ഷ്മിക്കു കൽപിച്ചു കൊടുത്തിരിക്കുന്നത്. തന്റെ തലമുറയിലെ പ്രതിഭാശാലിയായ കാഥിക എന്നാണ് എം. ടി. വാസുദേവൻ നായർ രാജ- ലക്ഷമിയെ വിശേഷിപ്പിച്ചത് .

പുരുഷാധിപത്യസമൂഹമാണ് സ്ത്രീയുടെ വിലക്കുകൾ നിർണയിക്കുന്നത്. അതിൽ ചെറിയൊരു ചലനത്തിൽ മുതിർന്നാലും അതിനുള്ള തിരിച്ചടി ആ സ്ത്രീയ്ക്ക് താങ്ങാവുന്നതിനപ്പുറമാണ് എന്ന് രാജലക്ഷമിയുടെ കഥകൾ കാണിച്ചുതരുന്നു.

'Dying is an art,like everything else' (മരിക്കുക എന്നത് ഒരു കലയാണ്) എന്ന സിൽവിയ പ്ലാത്തി[2]നോട്

---

2. സിൽവിയ പ്ലാത്ത് -പ്രശസ്ത അമേരിക്കൻ കവയത്രിയും , നോവലിസ്റ്റുമാണ് സിൽവിയ പ്ലാത്ത്.

യോജിക്കുകയും അത്തരം ചിന്തയിൽ ഒരു പടികൂടി കടന്ന് ചിന്തിക്കുകയുമാണ് രാജലക്ഷ്മി. "ആത്മഹത്യ ധീരതയുടെ ലക്ഷണമാണ് എഴുത്തുകാരിയുടെ അപരസ്വത്വമാണ്".

എല്ലാ കാലത്തും പെണ്ണു നേരിടുന്ന പ്രശനം അവഹേളനവും നിന്ദയുമാണ്. സ്ത്രീ അവളുടെ സ്ഥാനം തിരിച്ചറയുക,ആ സ്ഥാനം അംഗീകരിച്ചു കിട്ടുന്നതിനു വേണ്ടിയലുള്ള നിതാന്ത പരിശ്രമത്തിൽ ഏർപ്പെടുക ഇവയും ഫെമിനിസത്തിന്റെ കാതലായ അംശമാണ് പല കഥകളുടെയും പശ്ചാത്തലം കുടുംബമാണെങ്കിലും സ്ത്രീയുടെ വീക്ഷണവും എഴുത്തുകാരിയുടെ സ്വാതന്ത്ര്യബോധവുമാണ് അവർ ആവിഷ്ക്കരിക്കാൻ ശ്രമിച്ചത്. അന്ധമായ പുരുഷവിദ്വേഷം അല്ല , മറിച്ച് സ്ത്രീ പുരുഷ സമത്വത്തിനു വേണ്ടി നിലകൊള്ളുന്നവയാണ് രാജലക്ഷ്മി കഥകൾ .



ശ്രീമതി കലാരഞ്ജിനി
ബി.എഡ്.ട്രെയ്നി





# അഭിനന്ദനങ്ങൾ......

**ഈ വർഷത്തെ ഐ .ടി മേളയിൽ ഡിജിറ്റൽ പെയിന്റിംഗ് ഇനത്തിൽ സബ്ജില്ല -ജില്ലാ തലത്തിൽ ഒന്നാം സ്ഥാനവും, സംസ്ഥാനതലത്തിൽ എ ഗ്രേഡും നേടിയ നയന കെ എസ് കൈറ്റ് അംഗം കൂടിയാണ്. നയനയ്ക്ക് കൈറ്റ്സ് യൂണിറ്റിന്റെ അഭിനന്ദനങ്ങൾ!!**

# അമർ രഹേ അബ്ദുൾ കലാം...

രാജാജി മാർഗിലെ പത്താം നമ്പർ വസതിയുടെ പ്രധാന കവാടത്തിനു പുറത്തു പുരുഷാരം അച്ചടക്കത്തോടെ കാത്തുനിന്നു. അകത്ത് അന്ത്യവിശ്രമമാണ് ഡോ.എ.പി.ജെ അബ്ദുൾ കലാം -എന്നും കർമനിരതനായ നേതാവ്. വിശിഷ്ട വ്യക്തികൾ വന്നു പോകാൻ ക്ഷമാപൂർവ്വം കാത്തുനിന്ന സാധാരണക്കാരുടെ നിര രാജാജിമാർഗ് കടന്ന് രാഷ്ട്രപതി ഭവനത്തിലേക്കുള്ള രാജപാതകളിലേക്കു നീണ്ടു. ഏറെയും ചെറുപ്പക്കാർ; കോളേജുകളിലും സ്കൂളുകളിലും നിന്ന് വന്നവർ; ഉച്ചതിരിഞ്ഞ് ഓഫീസുകളിൽ നിന്നു അവധി എടുത്തവർ. പലരുടേയും കൈയ്യിൽ കലാമിനു പ്രിയമുള്ള കൊച്ചുറോസാപ്പൂക്കൾ. അവ സൗമ്യസുഗന്ധം പരത്തി.

ഈ യുവത്വത്തോടാണു കലാം എന്നും സംവദിച്ചു കൊണ്ടിരുന്നത്. രാജാജിമാർഗിൽ നിന്ന് 'അബ്ദുൾ കലാം അമർ രഹേ' എന്ന വിളി കേൾക്കാം. അത് വിടവാങ്ങിയ വലിയ മനുഷ്യന്റെ ഓർമ്മകളെ ഉണർത്തിക്കൊണ്ടിരുന്നു. ജീവിതത്തിൽ വലിയ സ്വപ്നങ്ങൾ കാണാൻ അബ്ദുൾ കലാമിനെ പഠിപ്പിച്ച മണ്ണാണ് രാമേശ്വരം. മത്സ്യബന്ധനത്തിനു പോകുന്നവർക്ക് ചെറുബോട്ടുകൾ വാടകയ്ക്കു കൊടുത്തു വരുമാനമാർഗം കണ്ടെത്തിയിരുന്ന ജൈനുലാബ്ദീനിന്റെയും ആഷിയാമ്മയുടെയും ഇളയമകനായിരുന്നു കലാം.

ഉറവറ്റാത്ത നൂതന ആശയങ്ങളുടെയും തളരാത്ത ബുദ്ധിവൈഭവത്തിന്റെയും ജ്വലിക്കുന്ന ആത്മവിശ്വാസത്തിന്റെയും ഉജ്ജ്വല പ്രതീകമായിരുന്നു അദ്ദേഹം. അവിവാഹിതനായ ഡോ.അബ്ദുൾ കലാമിനു യുവാക്കളും കുട്ടികളുമായുള്ള സംവാദം എന്നും ഹരമായിരുന്നു. 2002-ൽ ഡോ.കലാമിന് രാഷ്ട്രപതിയായി തിരഞ്ഞെടുത്തു. ഭാരതരത്ന, പത്മവിഭൂഷൻ ബഹുമതികളും അദ്ദേഹത്തെ തേടി എത്തി. പൊഖ്റാൻ ആണവ പരീക്ഷണത്തിന്റെ നാളുകളിൽ പാക്ക് മാധ്യമങ്ങൾ അദ്ദേഹത്തെ വിശേഷിപ്പിച്ചത് 'മാഡ് ഇന്ത്യൻ സയന്റിസ്റ്റ് 'എന്നായിരുന്നു.

രാഷ്ട്രപതി ഭവന്റെ വാതായനങ്ങൾ ചരിത്രത്തിലാദ്യമായി സാധാരണക്കാർക്കുവേണ്ടി തുറന്നിട്ടതു കലാമായിരുന്നു. സ്ഥാനമൊഴിഞ്ഞ് എട്ടുവർഷമായിട്ടും ഇന്നും രാഷ്ട്രപതി ഭവനിൽമുഴങ്ങുന്നത് എ.പിജെ അബ്ദുൾ കലാമിന്റെ ലാളിത്യത്തിന്റെ കഥകൾ.

അതെ... ജൂലൈ-27... ആ ജ്വലിക്കുന്ന തിരിനാളത്തിന്റെ ശോഭ ദൃഷ്ടികോണിൽ നിന്നും അപ്രത്യക്ഷമായി മുൻ രാഷ്ട്രപതിയും ലോകോത്തര ശാസ്ത്രജ്ഞനുമായ ഡോ എ.പി.ജെ അബ്ദുൾ കലാമിന്റെ മരണം ഷില്ലോങ്ങിത് ഔദ്യോഗിഗമായി സംസ്കരിച്ചു.

ചിന്തകളെ സ്വപ്നങ്ങളുടെ തീനാളങ്ങൾ കൊണ്ട് ജ്വലിപ്പിച്ച മുൻ രാഷ്ട്രപതി ഡോ എ.പി.ജെ അബ്ദുൾ ഇനി ***ചിന്താസ്മരണയിൽ.........***



*ഐശ്വര്യ ജെ*
*9-ഡി*

# ഖനിഗർഭം

ഇതു ഖനിഗർഭം, ഒരുപിടി കനവുകൾ
സ്വരൂപമായിത്തീർന്നോരിടം
വി-മുഖപടങ്ങൾക്കു പിന്നിൽ
അ-ഭാവഭേദങ്ങൾ ഗണനീയമല്ല
ഇന്നിന്റെ ബാല്യ കളിമ്പങ്ങളിൽ
നിറയുന്ന കമ്പ്യൂട്ടറും ഇ-ബുക്കും
പാഠശാലയ്ക്കുചുറ്റും അങ്കണം
അപ്രത്യക്ഷം, ദാരുണം
കട്ടകൾക്കിടയിൽ ഞെങ്ങിഞെരുങ്ങി
ഹരിതനാമ്പുകൾ അങ്കുരിക്കവേ
ആഗോളതാപനം അകാലവിനയായ്
നാഗരികതയും സംക്രമിക്കവേ
അ-ക്ലിഷ്ട ജാതിമതചിന്തകൾ
വി-ഭാഗീയതയായ് പരക്കുന്നു ചുറ്റിലും
അക്ഷരഫലകങ്ങൾക്കിടയിൽ വാഴും
കെണിനിലങ്ങൾ അജ്ഞാതം
നൂതനയന്ത്രകോപ്പുകൾ ആനന്ദദായകം
മൊബൈലും വാട്ട്സപ്പും ഫേസ്ബുക്കും
ഇനിയുമേറെ തിരയുവാൻ നെറ്റിൽ
ഗൂഗിളും യൂട്യൂബും പിന്നെയും
പുതുലോകവാതായനംപോൽ
നവീനധാരകൾ ഇനിയുമേറെ
അ-പൂർണ്ണമായിത്തീരും പാഠങ്ങൾ
വി-ഖ്യാതി സർവ്വലക്ഷ്യമായി ഭവിപ്പൂ
രാജ്യം വാഴാൻ മെതിയടി പ്രതിഷ്ഠിപ്പൂ
ഭരതമാനസം എങ്ങോ പോയ്പ്പോയി

സ്വപ്നകിരീടങ്ങൾ തൻ പിമ്പേ പായും
പുതുമുകുളങ്ങൾ,പടക്കുതിരകൾ
ജീവിതപാഠങ്ങളേകും വിദ്യാക്ഷേത്രങ്ങൾ
സ്മാർട്ട്ക്ലാസ്സ്റൂം, കലാപത്മമികൾ
വെട്ടം പ്രസരിപ്പു ഗുരു വചസ്സുകൾ
വിദൂരമായ്ത്തീരും കാലം അനിർവചനീയം
വി-ജനതയിലൊരു ഉൾവെളിച്ചം
ആ-വശ്യമേറിയൊരു മൂല്യബോധം
മോഹനസ്വപ്നങ്ങൾ നിറയും
ഖനിജത്ത്വവിൽ നിധിതേടവേ
പതിയിരിക്കും അപകടഭീതികൾ തൻ
അടയാളവാക്യങ്ങൾ വിസ്മരിക്കവേ
പ്രകൃതി വ്യതിയാനങ്ങൾക്കധീനമായ്
ഖനിഗർഭത്തിൻ കവാടം അടയവേ
രക്ഷയായ് ഒരു ഫിനിക്സ് പേടകം
ഉയിർക്കൊള്ളുന്നു പ്രതീക്ഷയായ്
അ-ജ്ഞാനവിഹായസ്സിലൊരുപിടി
വി-പണി തന്ത്രങ്ങൾ പയറ്റി
വിജയശ്രീലാളിതരായി ഭവിപ്പൂ
നിത്യവും നമ്മളൊന്നായ്!!



സി. ഡോ. ആഗ്നൽ ഡേവിഡ്
എച്ച്. എസ്സ്. എസ്സ്.ടി. മലയാളം
ചെറുപുഷ്പം ജി.എച്ച്.എസ്സ്.എസ്സ്.വടക്കഞ്ചേരി

# നവകേരളം

കേര കർഷകരുടെ നാടായ കേരളത്തിന്റെ ഉത്ഭവം 1956-ലായിരുന്നു. 61 വർഷങ്ങൾക്കു മുൻപ് നവംബർ 1 ന് കേരളപിറവി കൊണ്ടാടുമ്പോൾ പച്ചപ്പിന്റെ മടിതച്ചിലായിര്ന്നു കേരളം. കേരളത്തിന്റെ ആർഷ ഭാരത ദർശനത്തിനും തനതായ സംസ്കാരതാതിനും ഉതകുന്ന ജീവിതശൈലിയായിരുന്നു അന്നത്തെ കേരളീയർ നയിച്ചിരുന്നത്: "ദൈവത്തിന്റെ സ്വന്തം നാട്"എന്ന് വിശേഷിപ്പിക്കപ്പെട്ട കേരളം മലനാട്ടുകൂടിയായിരുന്നു. കാർഷിക വിളകളും നെൽവയലുകളും ജലസ്രോതസ്സുകളും ഈ നാടിന്റെ യശ്ശസ് വാനോളം ഉയർത്തിയിരുന്നു.........

ഇന്നത്തെ മനുഷ്യരുടെ ചിന്താഗതിയിലും പ്രവർത്തനങ്ങളും കേരളത്തെ "കാലം തെറ്റിക്കുന്ന കാലാവസ്ഥയിലേക്കാണ് നയിക്കുന്നത് ". 'കാടെവിടെ മക്കളെ?' എന്ന പ്രകൃതിയുടെ ചോദ്യത്തിന് നമുക്കെന്തു ഉത്തരമാണ് പറയാനാവുക...... മാതൃഭാഷയുടെ നിഴലിച്ച ഇന്നും മണ്ണിൽ മറപ്പറ്റി കിടക്കുന്നുണ്ട്.കേരളം

ഓരോ മലയാളികളുടെയും തുടിപ്പായിരുന്നു. എന്നാൽ ഇന്ന് ആ തുടിപ്പുകൾക്ക് നേരിയ സ്പന്ദനം സംഭവിച്ചിരിക്കുന്നു. അമിതമായ മനുഷ്യന്റെ ഇടപ്പെടൽ കേരളത്തെ നിർജ്ജീവമാക്കുന്നു. ഇത്തരം വിവേകശൂന്യമായ പ്രവർത്തനത്തിന്റെ ഫലം ഈ ഒരു നൂറ്റാണ്ടിനപ്പുറം കേരളത്തിന് മുന്നേറാനാവില്ല എന്നാണ് ശാസ്ത്രജ്ഞരുടെ മുന്നറിയിപ്പ്. കുതിച്ചു കയറാൻ തയ്യാറായിരിക്കുന്ന കേരളത്തിന് കരുത്തേകേണ്ടത് നാളെയുടെ പൗരന്മാരായ ഓരോ മലയാളികളുമാണ്. പഴമയുടെ പുതുമയാണ് നാം നവകേരളം പടുത്തുയർത്തേണ്ടത്. ഓരോ അവയവമായി നഷ്ടപ്പെട്ടിക്കൊണ്ടിരിക്കുന്ന കേരളമായ അമ്മയുടെ താങ്ങായാണ് ഓരോ മലയാളികളും നിലകൊള്ളേണ്ടത്. 1970-കളിലെ കേരളത്തെ തിരിച്ചുകൊണ്ടുവരാനാണ് നാം ശ്രമിക്കേണ്ടത്.

44 നദികളും കവിഞ്ഞൊഴുകുന്ന കേരളം ഒരു ജലധാരയായിരുന്നു. കണ്ടൽക്കാടുകളും മഴക്കാടുകളും ഇലപൊഴിയും കാടുകളും കേരളത്തെ പിടിച്ചുനിർത്തുന്നു. മനുഷ്യന്റെ ആഗ്രഹങ്ങൾക്കുള്ളതെല്ലാം പ്രകൃതിയിലുണ്ട് എന്നാണ് ഗാന്ധിജി പറഞ്ഞത്. കേരളവും അതിന്റെ നിറവാർന്ന പ്രകൃതിയും ഈ വാചകത്തോട് ഏറെ അടുത്ത് കിടക്കുന്നു.പെരിയാറും ഭാരതപ്പുഴയും നിളയും അടങ്ങുന്ന കേരളത്തെ പുകഴ്ത്തി പാടുന്ന കൃതികൾ ഇന്നും സാഹിത്യത്തിൽ നിറഞ്ഞു നിൽക്കുന്ന ഒന്നാണ്. മൂന്നാറും നീല

കുറിഞ്ഞി[3]യും വരയാട്[4]മെല്ലാം കേരളത്തിന്റെ മാത്രം പ്രത്യേകതയാണ്.

ഓരോ ഓണവും മലയാളിക്ക് പുതിയ ഉണർവ് പകരുന്നു . ഈ ഉണർവ് നുകരുവാനായി നാനാഭാഗത്തുനിന്നും ആളുകൾ കേരളത്തിലേക്ക് വന്നിറങ്ങുന്നു.ഇവിടെ വിടർന്നു വരുന്ന ഓരോ പുൽനാമ്പും മലയാളികൾക്ക് പ്രചോദനമാണ് . മലയാളമണ്ണിൽ പെയ്തിറങ്ങുന്ന ഓരോ ജലകണികകളും കേരളത്തിന് പ്രശംസ ആശംസിച്ചുകൊണ്ട് മിന്നിതിളങ്ങുന്നു.എവിടെയെന്നോ എപ്പോഴെന്നോ ഇല്ലാതെ പ്രഭാതത്തിലും സായാഹ്നത്തിലും എല്ലായിടത്തും കേരളം അതിമനോഹരിയായി കാണപ്പെടുന്നു.കുന്നുകളും പുൽമേടുകളും മലഞ്ചെരിവുകളാലും കിഴക്കുനിന്ന് പടിഞ്ഞാറിലേക്ക് ചരിഞ്ഞ് നിലകൊള്ളുന്ന കേരളം യഥാർത്ഥത്തിലും നന്മയും സത്യവും നിറഞ്ഞതായിരുന്നു.

ഭാരതീയരുടെ സാഹിത്യപരവുമായ എല്ലാ പരമ്പരാഗത രീതികളും അതേ ശ്രേഷ്ഠതയോടുകൂടി മുന്നോട്ടുകൊണ്ടുപോകുന്ന മലയാളികൾക്ക് കേരളം ഒരമ്മയായിരുന്നു.മാമലനാടുകളാൽ നിറഞ്ഞ

3 നീലക്കുറിഞ്ഞി-പശ്ചിമഘട്ട മലനിരകളിൽ 1500 മീറ്ററിനു മുകളിൽ ചോലവനങ്ങൾ ഇടകലർന്ന പുൽമേടുകളിൽ കാണപ്പെടുന്ന കുറ്റിച്ചെടിയാണ് .

4 വരയാട് - നീലഗിരി ജൈവമണ്ഡലത്തിൽ മാത്രം കാണുന്ന തദ്ദേശീയ ജൈവവംശം...

കേരളം എന്നും ഒരു പൂങ്കാവനമായിരുന്നു.ഒരുപ്പാട് മഹാൻമാരുടെ ചരിത്രം ഉറങ്ങുന്ന കേരള മണ്ണിൽ സത്യത്തിനും നീതിക്കും അറുതികൊടുത്തിരുന്നില്ല.

മാതൃഭാഷയായ അമ്മ മലയാളം വളർന്നതും തളിരിട്ടതും വിരിഞ്ഞതുമെല്ലാം കേരളത്തിന്റെ ശാഖയിലൂടെ ആയിരുന്നു. സാഹിത്യ ലോകത്ത് മാത്രഭാഷയ്ക്കിന്നും ഒരു പ്രധാന പങ്കുണ്ട് . പാലക്കാടിന്റെ നെൽ വയലും വയനാട്ടിലെ കാടുകളും ആലപ്പുഴയിലെ കുട്ടനാടും തുടങ്ങി ഒരുപാട് പ്രകൃതി വിഭവങ്ങളാൽ കനിഞ്ഞനുഗ്രഹിച്ച നാടാണ് കേരളം . 61-വർഷം മുൻമ്പ് മലബാർ തിരുവിതാംകൂർ എന്നീ മൂന്നായി തിരക്കപ്പെട്ടിരുന്നത് ഇന്ന് 14 ജില്ലകളടങ്ങുന്ന കേരളമായി ഉയർന്നുവന്നു. ഈ പുതുവർഷത്തിലൂടെ ..........മരിക്കുന്ന കേരളത്തെ...........പുതു നാമ്പുകൾ വെച്ചുപിടിപ്പിച്ച് കൊണ്ട് നാളയുടെ പൗരൻമാരായ ;കേരളത്തിന്റെ തുടിപ്പുകളായ നാം മലയാളികൾക്ക് ഒരു നവകേരളത്തിന് ജന്മം നൽകാം.....!



സജ്ന എസ്

9-ഇ

# കാട്ടിലെ കച്ചവടം

പൂച്ചയും കൊക്കും കാട്ടിലെ ഉറ്റ ചങ്ങാതിമാരായിരുന്നു.

കൊക്ക് : ചങ്ങാതീ, ഇങ്ങനെയൊന്നും ജീവിച്ചാൽ പോര.
നമുക്ക് ഒരു കച്ചവടം തുടങ്ങണം!
നമുക്ക് മീനും പഴവും കിഴങ്ങുമെല്ലാം വിൽക്കുന്ന
ഒരു കട തുടങ്ങാം!

പൂച്ച : എല്ലാ ജീവികളെയും ഉദ്ഘാടനത്തിന ക്ഷണി-
ക്കണം !

കൊക്ക് : ശൂരൻ സിംഹം ഉദ്ഘാടനം ചെയ്യട്ടെ !

(വൈകാതെ കാട്ടിലെ ആദ്യത്തെ കട ശൂരൻ സിംഹം
ഉദ്ഘാടനം ചെയ്തു )

ശൂരൻ: പ്രിയപ്പെട്ട കാട്ടുവാസികളെ, നിങ്ങളുടെ കൈയ്യിൽ പണം ഇല്ലെങ്കിലും
നല്ലവരായ പൂച്ചയും കൊക്കും നിങ്ങൾക്കാവ-
ശ്യമുള്ള സാധനങ്ങളൊക്കെ കടം തരും.

(കച്ചവടം തുടങ്ങിയ അന്നുമുതൽ മൃഗങ്ങൾ കടം വാങ്ങാനും എത്തിത്തുടങ്ങി)

എലി : ഡേയ്,ഒരു 4 കിലോ ഉണക്കമീൻ ഇങ്ങെട്. പണം കിട്ടിമ്പോൾ തരാം!

കൊക്ക് : കടം കൊടുത്ത് കൊടുത്ത് നമ്മൾ മുടിയുമല്ലോടോ!

(കുറേക്കാലം കഴിഞ്ഞു).

പൂച്ച : ഇപ്പോൾ അത്യാവശ്യം ലാഭമോക്കെ കിട്ടിത്തുടങ്ങുന്നുണ്ട്!

കൊക്ക് : ഈ പരിപാടി കുറേ മുമ്പുതന്നെ പൂടങ്ങേണ്ടതായിരുന്നു!ഹി!ഹി!

എലി : ഡോ, ചുമ്മാതിരുന്നു ചിരിക്കാതെ നാലഞ്ച് തേങ്ങ ഇങ്ങെട്! പണം
പിന്നെത്തെരാം.

പൂച്ച : ഹും! ഇന്നാപ്പിടി!

കൊക്ക് : പണം മുഴുവൻ തന്നാലെ ഇനി സാധനങ്ങൾ തരൂ. പറഞ്ഞേക്കാം!

ഒരു ദിവസം,

കൊക്ക് : നമ്മൾ ഇവിടുത്തെ വലിയ കച്ചവടക്കാരായ സ്ഥിതിക്ക് വിദേശത്തും ഒരു കട തുറന്നാലൊ?

പൂച്ച : ശരിയാ..അതിനുള്ള സമയമായി !

കൊക്ക് : എങ്കിൽ ഇപ്പോഴുള്ള പണമെല്ലാം എനിക്കുതാ , വിദേശത്തെ കച്ചവടം ഞാൻ നോക്കിക്കൊള്ളാം.

പൂച്ച : അപ്പോൾ എന്റെ വിഹിതമോ..?

കൊക്ക് : ഇവിടെ നിന്ന് പലരും കടം വാങ്ങിയിട്ടില്ലേ അതുമുഴുവൻ നീ പിരിച്ചെടുത്തോ!

പൂച്ച : ശരി! ഇതാ പണം...... സൂക്ഷിച്ചോ!

കൊക്ക് : ശരി ചങ്ങാതി...എപ്പോഴെങ്കിലും വീണ്ടും കാണാം...

പോകുന്നതിനിടയിൽ കൊക്ക് പണസഞ്ചിയുമായി ഒരു കുളത്തിലിറങ്ങി പണസഞ്ചി അപ്പോൾ വെള്ളത്തിൽ വീണു. ഇതേ സമയം പൂച്ച എലിയോടു കടം വാങ്ങിയ പണം മുഴുവനും തിരിച്ചു ചോദിച്ചു. പക്ഷെ എലി ഒന്നും അറിയാത്ത ഭാവം നടിച്ചു. "ഏതു പണം ? നിങ്ങൾ രണ്ടു പേരും ഒന്നിച്ച് വന്ന് ചോദിക്ക് അപ്പോൾ തരാം !"അപ്പോഴും വെള്ളത്തിൽ വീണ പണം തപ്പി നടക്കുകയായിരുന്നു കൊക്ക്. കടം കൊടുത്ത സാധനങ്ങളുടെ പണം തിരികെ കിട്ടില്ലയെന്നറിഞ്ഞ പൂച്ചയ്ക്ക് ദേഷ്യം വന്നു. വെള്ളത്തിൽ വീണ തന്റെ പണമെല്ലാം എടുത്തത് കുളത്തിലുള്ള മീനുകളായിരിക്കുമെന്ന് കൊക്ക് സംശയിച്ചു .

അന്നുമുതലാണത്രെ എലി പൂച്ചയുടേയും, മീൻ കൊക്കിന്റേയും ശത്രുവായത്...............!!



ഗോപിക നായർ
9-ബി

# എന്റെ മലയാളം

മധുരമൊഴുകുന്ന മലയാള ഭാഷേ!
തേനൂറുന്ന മലയാള ഭാഷേ!
നിൻ വസന്തമെന്നിൽ
കുളിർകാറ്റായി മാറുന്നു.
മധുരമാം നിൻ ഭാഷ
കേൾക്കുമ്പോൾ
എൻ മനം
കുളിരായിമാറുന്നു.
എൻ ചിത്തം കവർന്നൊരു
വിര്യമുൾക്കൊണ്ടൊരു
സുഗന്ധം പരത്തുന്നെൻ
മലയാള ഭാഷേ
എന്റെ മനസ്സിൻ ചെപ്പിനകത്ത്
രമ്യതയായി മാറിയ
എൻ മലയാള ഭാഷേ
നിനക്കു വന്ദനം.



ശ്രീജ മനോജ് കുമാർ
൯-ഇ

# ജൈവമാക്കാം കൃഷി

രാസവളങ്ങളില്ലാതെയും രാസകീടനാശിനികൾ പ്രയോഗിക്കാതെയും പ്രകൃതിദത്ത മാർഗങ്ങളുപയോഗിച്ചുള്ള കൃഷിരീതിയാണ് ജൈവകൃഷി എന്ന് പറയുന്നത്.മണ്ണിനും പരിസ്ഥിതിക്കും ദോഷം വരുത്താത്ത ഇത്തരം കൃഷി സമ്പ്രദായത്തിന് ഇന്നേറെ പ്രാധാന്യം കൈവന്നിരിക്കുന്നു.

കാലിവളം, പച്ചിലകൾ, മണ്ണിര കമ്പോസ്റ്റ്, ചാരം, ജീവാണു വളങ്ങൾ എന്നിവയാണ് പ്രധാനമായും വിളകളുടെ വളർച്ചക്കും പോഷണത്തിനും ജൈവീകമായ മാർഗത്തിൽ ഉപയോഗിക്കുന്നത്.

കീട നിയന്ത്രണത്തിനായി വെളുള്ളി, മുളകുസത്ത്, പപ്പായ ഇലസത്ത്, പുകയില കഷായം, വേപ്പിൻ പിണ്ണാക്ക് മുതലായവയും ഉപയോഗിക്കുന്നു. ജൈവകൃഷിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന വിളകൾക്ക് നിലനിൽപ്പും ഗുണവും കൂടുതലാണ്.



ചിത്ര ജി

9-സി

# ജീവിതം

ലാഭ നഷ്ടങ്ങളുടെ റിസർവ്വ് ബാങ്ക് .ലോകത്തിൽ വന്നയുടൻ നിക്ഷേപം തുടങ്ങുന്നു. ഒരിക്കലും പിൻവലിക്കാനാവാത്ത നിക്ഷേപം. ചെക്കബുക്കോ പാസ്സ് ബുക്കോ ഇല്ലാത്ത നിക്ഷേപം. ഓരോ ദിനരാത്രങ്ങളും കൃവിൽ നില്ക്കാതെ നേരിട്ടുള്ള നിക്ഷേപം. നോട്ടുകെട്ടുകളേക്കാൾ വിലയേറിയ നിക്ഷേപം. പാവപ്പെട്ടവനെന്നോ പണക്കാരനെന്നോ വ്യത്യാസമില്ലാത്ത നിക്ഷേപം.ജീവിതാന്ത്യം വരെയുള്ള ഈ നിക്ഷേപം നിന്നെ സമ്പന്നയാക്കും.അതാണ് നിന്റെ ജീവിതം.ഈ ജീവിതം മാധുര്യമുള്ളതാകട്ടെ....അതായിരിക്കട്ടെ ഈ പുതുവർഷം!!!!!!!



സി. ജെയ്സി

എച്ച്.എസ്.ഇംഗ്ലീഷ്.

# നന്ദിയോടെ യാത്രാമൊഴി........



സി.സീന ജോൺ
യു .ഡി ക്ലെർക്ക്



സി. ബെറ്റി മംഗലൻ
എച്ച്.എസ്.എ മലയാളം

# അവൾക്കായ്......

നീർമിഴിപ്പീലിയിൽ നീർമണിതുളുമ്പി
നീയെന്നരികിൽ നിന്നു
കണ്ണുനീർ തുടയ്ക്കാതെ, ഒന്നും പറയാതെ
നിന്നു ഞാനുമൊരന്യനെപ്പോൽ
വെറും അന്യനെപ്പോൽ
ഉള്ളിലെ സ്നേഹപ്രവാഹത്തിൽ നിന്നൊരു
തുള്ളിയും വാക്കുകൾ പകർന്നീലാ
മാനസഭാവങ്ങൾ മൗനത്തിലൊളിപ്പിച്ച
മാനിനീനാമിരുന്നു
അജ്ഞാതനാം  സഹയാത്രികൻ ഞാൻ നിന്റെ
ഉൾപ്പൂവിൻ തുടിപ്പുകളറിയുന്നു
നാമറിയാതെ നാം കൈമാറിയില്ലെത്ര
മോഹങ്ങൾ,നൊമ്പരങ്ങൾ........



അനുഗ്രഹ എസ് ദേവ്
9-ഇ

# മദ്യപാനം ഒരു വിപത്ത്

നാം നേരിടുന്ന ഏറ്റവും വലിയ സാമൂഹിക പ്രതിസന്ധികളിൽ ഒന്നാണ് മദ്യപാനം. മദ്യത്തിന് അടിമകളായി ജീവിതം ഹോമിക്കുന്ന അനേകം വ്യക്തികൾ നമ്മൾക്കിടയിൽ ഉണ്ട്.മദ്യ ഉപയോഗത്തിൽ ലോകത്ത് തന്നെ  ഒന്നാം സ്ഥാനത്തേക്ക് മലയാളികൾ കുതിച്ചുയർന്നു കൊണ്ടിരിക്കുകയാണ്. അരി വാങ്ങാൻ ഒരു വർഷം  ചിലവഴിക്കുന്നതിന്റെ എത്രയോ ഇരട്ടിയാണ് മലയാളികൾ ഇന്ന് മദ്യം വാങ്ങാൻ ചിലവഴിക്കുന്നത്.

മദ്യം കുടുംബത്തിലും സമൂഹത്തിലും ഉണ്ടാക്കുന്ന വിപത്തുകൾ ഏറെയുണ്ട്. വൈപ്പിൻ ദുരന്തം, കല്ലുവാതക്കൽ ദുരന്തം എന്ന മാരക രോകം വരുമ്പോൾ മാത്രമാണ് നാം അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച്  ചർച്ചച്ചെയ്യാറുള്ളത്.

ആദ്യമായി മദ്യം ഉപയോഗിക്കുന്ന പ്രായം കൗമാരത്തിൽ തുടങ്ങിയായിരുന്നു. എന്നാൽ ആ ചിന്തകളെ മാറ്റികൊണ്ട്  ഇന്ന് അത് ബാല്യത്തിലേക്ക് മാറിക്കൊണ്ടിരിക്കുന്നു.”ഒരു ഗ്ലാസ് മദ്യം കുടിക്കുന്നു.ഒരു ഗ്ലാസ് പല ഗ്ലാസായിമാറു-ന്നു. ഒടുവിൽ ഗ്ലാസുകൽ എല്ലാം കൂടി മദ്യപാനിയെ വിഴുങ്ങുന്നു"നെഞ്ചുവിരിച്ച് അഭിമാനത്തോടെ  മലയാളികൾ ക്യൂവിൽ കാത്തുനിന്ന് മദ്യം വാങ്ങുന്നു. വിശേഷദിനങ്ങളിൽ ആ ക്യൂ വളരും........പെരുപാമ്പുപോലേ നീളും................

മദ്യം മെല്ലെ മെല്ലെ മനുഷ്യജീവിതത്തെ കാർന്നു തിനുന്ന ലഹരിപാനിയമാണ് . ഓർമശക്തി നഷ്ടപ്പെടുന്നതിനും, രക്തത്തിൽ ഓക്സിജന്റെ അളവ് കുറയുന്നതും മദ്യം മൂലമാണ്. സർവ്വനാശത്തിലേക്ക് വഴിതെളിക്കുന്ന മദ്യം ഉപയോഗിക്കാത്തിരിക്കാൻ ശീലിക്കുക മാത്രമാണ് ഇതിൽ നിന്ന് രക്ഷപ്പെടാന്നുള്ള വഴി. നമ്മുക്ക് നാശം വിതയ്ക്കുന്ന മദ്യം നാം എന്തിന് ഉപയോഗിക്കണം ? ഇത്തരത്തിൽ നാം ഓരോരുത്തരും ചിന്തിക്കണം. അക്ഷരം പഠിച്ചു കഴിഞ്ഞു എന്നതിനർത്ഥം, നാം അറിവിലേക്ക് നീങ്ങി കഴിഞ്ഞു നീങ്ങി കഴിഞ്ഞു എന്നാണല്ലൊ, അത് ശരിയാകണമെങ്കിൽ നാം ഇങ്ങനെ ചിന്തിക്കുകയും, മദ്യം ഉപേക്ഷിക്കുകയും ചെയ്യണം.

ആരോഗ്യമുള്ള പുതു തലമുറയെ വാർത്തെടുക്കാൻ നാം ഒന്നിച്ച് യത്നിക്കാം.



സ്രീന. ടി
9-എ

# പുതുമഴ

കണ്ടു ഞാൻ ആകാശപ്പരപ്പിൽ
അഴകെട്ട കാർമേഘ കൂടങ്ങളേ
ആകാശമാകുന്ന ഓളപ്പരപ്പിൽ
നാട്യമതങ്ങനെ ചെയ്യുമ്പോൾ
അകലെയകലെനിന്നോരോ
കാർമേഘ പാളികൾ
ആകാശച്ചരിവിലൊളിച്ചു
കാർമേഘ കൂട്ടങ്ങൾ
കണ്ണീരാൽ ഭൂമിനിറച്ചു.
അങ്ങു ദൂരെ
ഒരാട്ടിൻ ചെവിക്കുടതൻ മുകളിലായ്
പലതുള്ളിയായയങ്ങിറ്റുവീണു
വയലേലയിയും
തെങ്ങിൻ ചുവട്ടിലും
പലതുള്ളി പെരുവെള്ളമായി
പൂമഴ പെയ്തു കണ്ട
കുട്ടികൾ ആഹ്ലാദക്കുടചൂടി
പൂമഴയിൽ
'പുതുമഴ' യിലാറാടി .



ശ്രീമതി . കലാരഞ്ജിനി വി ആർ
ബി.എഡ്.ട്രെയിനി

# ഛിന്നഗ്രഹം പെരിയ രഹസ്യം

സൗരയൂഥത്തിന്റെ ഉൽപ്പത്തിയും ഭൂമിയിലെ ജീവന്റെ രഹസ്യവും തേടി ജപ്പാന്റെ ബഹിരാകാശപേടകം സൂര്യനെ ചുറ്റുന്ന ഛിന്നഗ്രഹ[5]ത്തിനരികിൽ ചെന്നെത്തി. ഇതിനായി ഹയബൂസ[6] റ്യൂഗ്യൂ എന്നു താൽക്കാലികമായി പേരിട്ട, ഛിന്നഗ്രഹത്തിന് ഏകദേശം 1999 മേയ് പത്തിനാണ് ഇതു കണ്ടെത്തിയത്. റ്യൂഗ്യൂവിലെ ഒരു ദിവസത്തിന്റെ ദൈർഘ്യം ഒരു മണിക്കൂറാണ്. ജലം, നൈട്രജൻ, ഹൈഡ്രജൻ, അമോണിയ, ഇരുമ്പ്, നിക്കൽ, കൊബാൾട്ട് എന്നിവയാണ് ഈ ഛിന്നഗ്രഹത്തിലടങ്ങിയിരിക്കുന്ന രാസഘടകങ്ങൾ. റ്യൂഗ്യൂവിന്റെ 20 കിലോമീറ്റർ ഉയരെ നിന്നാണ് ഹയബിസ നിരീക്ഷണം നടത്തുന്നത്. വരുന്ന മാസങ്ങളിൽ പേടകം ഛിന്നഗ്രഹത്തിൽ ഇറങ്ങുമെന്നു ജപ്പാന്റെ പര്യവേക്ഷണ ഏജൻസി അറിയിച്ചു. ജൈവാംശങ്ങളും ജലാംശവും ഏറെ ഉള്ള ഈ ഛിന്നഗ്രഹത്തിന്റെ ഉപരിതലം നിയന്ത്രിത സ്ഫോടനം വഴി തുരന്ന് സാംപിളുകൾ ശേഖരിക്കുകയാണ് അടുത്ത പടി. ഇതിൽ ഭൂമിയിൽ ജീവന്റെ ഉൽത്തിക്കടിസ്ഥാനമായ സൂചനകൾ ഉണ്ടാകുമെന്നാണു കരുതുന്നത്. സൗരോർജ പാനലുകൾ ഘടിപ്പിച്ച, വലിയ ഫ്രിജിന്റെ വലുപ്പമുള്ള ഹയാബൂസ ഒന്നര വർഷം ഛിന്നഗ്രഹത്തിൽ പ്രവർത്തിക്കും.



*അശ്വനി. എസ്*
*9-ബി*

5 ഛിന്നഗ്രഹം - ചെറിയ ഗ്രഹം.

6 ഹയബൂസ – ബഹിരാകാശ പേടകം.

# കലിയുഗം

പുതുമതൻ പുതുവസന്തം
തൂകി ഈ കലിയുഗം ........
കറുപ്പിൻ നിറമലങ്കാരമാ
ക്കുന്ന ഈ കലിയുഗം.........



ചെമ്പട്ടുവിരിച്ച ആകാശത്തെ കറുപ്പ്
നിറമാക്കുന്ന ഈ കലിയുഗം
നാശത്തിൻ വിത്തുവിതയ്ക്കാൻ
പ്രചോദനമായി അവൾ...

കറുത്ത വസ്ത്രമണിഞ്ഞ് മാനു -
ഷ്യനെ ക്രൂരതതൻ പുഴയിൽ മുക്കുന്നവർ.........
നീണ്ട കാർക്കുന്തൽ അഴിച്ച -
വൾ യക്ഷിയാക്കുന്നു............

മനുഷ്യക്രൂരതകൾ പെരുകുന്നതിൻ
കാരണമാകാം അവൾ.............
എത്രയാം വിറയാർന്ന മുഖം
പ്രകൃതിയവളെ ഭയക്കുന്നു.

അവൾ ജാതി - മതത്തെ വേർ -
തിരിച്ച് വർഗ്ഗീയതയുടേതാക്കുന്നു.
അവൾ ജാതി - മതപിശാച്ചായി-
മാറുന്നു....................

വേണമൊരു പുതുമ
വേരൊടണഞ്ഞ ഈ ഭൂമിയിൽ
വേണമൊരു ഭൂമി
നന്മ മാത്രമായി.............



അശ്വതി വി . ആർ
9-ബി

## ലിറ്റിൽ കൈറ്റ്സ്
## കർമ്മവീഥിയിലൂടെ.......



# പൂമരം

*വേരിലൂന്നിപ്പടർന്നപ്പോൾ*
*വേരുകളെ മറന്ന്*
*മൺമണം മറന്ന്*
***മലർന്നുകിടക്കുമാകാശത്തെ കൊതിയോടെ നോക്കി***
***കാറ്റിലാണാദ്യം കണ്ണുടക്കിയത്.***
***ചീറിയടിച്ചെന്റെ പൂക്കളാകെയവനുലർത്തിട്ടു.***
*കൂട്ടംതെറ്റിവന്നൊരിളംകിളിക്ക്*
*ചേക്കയൊരുക്കി.......*
*മറുകിളിയൊന്ന് കുറുകിവിളിച്ചതും*
*ഞാനതാ വെറുമൊരു പോടായിമാറി.*
*വെയിലിനെ വിളിച്ചിരുത്തിനോക്കി*
*അന്തിയണഞ്ഞു വിരിൽഞൊടിച്ചതും*
*വെമ്പിയിറങ്ങി മറഞ്ഞേപോയി.....*
*നിലാവിൽ നെറുകനനഞ്ഞപ്പോൾ ഇലമിഴികളഞ്ഞതാണ്.*
*ചോന്ന കിഴക്കിലേക്കവാൻമറയുപ്പോൾ*
*പൊഴിയുമിലകളിൽ നിറംകെട്ട കണ്ണീര്.....*
*ഇന്നും കാറ്റിലാടുന്നുണ്ട്*
*ആകാശം മലർന്നങ്ങനെ കിടക്കുന്നുണ്ട്*
***ഇലപ്പച്ചയിലൂടെ മരമണം ചോരാതെ***
***ഞാനെന്റെ വേരിന്റെ നേരിൽ മുറുകെപ്പിടിക്കാൻ***
***പഠിച്ചു.......***



സജീന എ
10-സി

# ഞാറ്റുവേലക്കാലം

പ്രകൃതിയുടെ ഞാറ്റുവേലകൾ എന്നാണ് ഞാറ്റുവേലകൾ അറിയപ്പെടുന്നത്. കർഷകർ മലയാളമാസത്തെ അടിസ്ഥാന മാക്കിയാണ് കാർഷിക പ്രവർത്തികൾ നിശ്ചയിക്കുന്നത്. കൊല്ലവർഷാരംഭം ചിങ്ങമാസത്തിലാണെങ്കിലും കാർഷിക വർഷത്തിന്റെ ആരംഭം മേടമാസത്തിലാണ്. ഒരു വർഷത്തെ 365 ദിവസങ്ങളെ 27 ഭാഗങ്ങളാക്കി തിരിച്ച് അശ്വതി നാളിൽ പേരു തുടങ്ങി രേവതിയിൽ അവസാനിക്കുന്ന 27 ഞാറ്റുവേലകളാണുള്ളത്. ഇതിൽ ഓരോ ഞാറ്റുവേലകൾക്കും അതതു സമയത്തെ കാലാവസ്ഥയുമായി അഭേദ്യമായ ബന്ധമുണ്ട്. അതിനാൽ ഓരോ ഞാറ്റുവേലകളിലും ചെയ്യേണ്ട കാർഷിക പ്രവർത്തനങ്ങളും നമ്മുടെ പൂർവികർ കാലാവസ്ഥയെ ഗണിച്ചു നിർവചിച്ചിരിക്കുന്നു.



വിനയ രാജ്.വി
9-ബി

# കേരളീയ സംസ്കാരം കാർഷിക സംസ്കാരം

ലോകത്തിലെ ഏറ്റവും മഹത്തായ സംസ്കാരം എന്ന വിശേഷിപ്പിക്കുന്ന ഭാരതീയ സംസ്കാരത്തിന്റെ ഭാഗമാണ് കേരളീയ സംസ്കാരം. ആര്യ ദ്രാവീഡിയ സംസ്കാരങ്ങളുടെ ഒത്തുചേരലാണ് കേരളത്തിൽ കാണാൻ സാധിക്കുന്നത്. 'തമിഴകം' എന്നറിയപെട്ടിരുന്ന ഒരു ഭൂപ്രദേശത്തിന്റെ ഭാഗമായിരുന്നു കേരളം. ഇന്ന് കാണുന്ന കേരളീയ സംസ്കാരം രൂപപെട്ടത് സാമൂഹികപരിഷ്കരണങ്ങളിലൂടെയാണ്. കേരളീയസംസ്കാരത്തിന്റെ മുഖമുദ്രതന്നെ കൃഷിയാണ്. ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തെക്കാളും കേരളത്തിന്റെ കാലാവസ്ഥ കൃഷിക്ക് അനുയോജ്യമാണ്.

ലോഹയുഗത്തിന്റെ ആരംഭത്തോടുകൂടിയാണ്,കേരളത്തിൽ ചെറിയതോതിൽ കൃഷി ആരംഭിച്ചത്. വിദേശികളുടെ വരവോടുകൂടി കേരളത്തിൽ കൃഷിരീതികളിൽ മാറ്റങ്ങൾ വന്നു. കൃഷിയുടെ ശാസ്ത്രീയ വശങ്ങൾ പഠിച്ചു. കൃഷി ഇന്നു സമ്പത്ത് വ്യവസ്ഥയിൽ വലിയൊരു പങ്കു സംഭാവന നൽകുന്നു. കേരളീയ കാർഷിക മേഖലയെ പുനരുദ്ധീകരിച്ചു എങ്കിൽ കൂടിയും കോളനി വാഴ്ച നമ്മുടെ കാർഷികമേഖലയെ കുറച്ചൊന്നുമല്ല ചൂഷണം ചെയ്തത്. കൃഷിയുടെ വ്യവസായ വത്കരണം സമ്പത്ത്ഘടനയുടെ ഘടനത്തെ തന്നെ മാറ്റം വരുത്തി. ഇന്ന് കേരളം സുഗന്ധദ്രവ്യങ്ങൾക്ക് പേരുകേട്ട നാടാണ്. കൃഷിയെ ആശ്രയിച്ചാണ് നമ്മുടെ നാടിന്റെ വ്യവസായ മേഖലയും നലനിന്നുപോകുന്നതു.

കാർഷികവിപ്ലവം(ഹരിതവിപ്ലവം)കേരളത്തെ ഹരിതാപമാക്കി മാറ്റി. ഹരിതവിപ്ലവത്തിന ശേഷം കാർഷികമേഖലയിൽ വന്ന മുരടിപ്പ് ആഗോളവത്കരണം വന്നതോടു കൂടി ചിലമാറ്റങ്ങൾക്ക് സാക്ഷിയായി. ഈ കാലഘട്ടം മുതൽ തന്നെ കൃഷിയിൽ വ്യക്തമായ ചലനങ്ങൾ കാണാൻ കഴിയുന്നു. പ്രകൃതി സൗഹൃദ കൃഷിയും ജനതക മാറ്റംവരുത്തിയ വിത്തുകൾ കൃഷിക്ക് ഉപയോഗിക്കുന്നത് കൂടാതെ കാർഷിക യന്ത്രങ്ങളും രീതികളും കൃഷിയിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കി. കൃഷിയിൽ കേരളം എവിടെ നിന്ന് തുടങ്ങി എന്നും ഇന്ന് എവിടെ എത്തിനിൽക്കുന്നുവെന്നും നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. ഇന്ന്കേരളം പല മേഖലകളിലും അതിവേഗം മുന്നേറിക്കഴിഞ്ഞിരിക്കുന്നു. ഇന്നും നാം കൃഷിയുടെ പാഠങ്ങൾ മനസ്സിൽ സൂക്ഷിക്കുന്നു. അതിവേഗം ബഹുദൂരം നമുക്കും മുന്നേറാം.



**സി.സോണിയ**

**എച്ച്.എസ്.എ**

**സാമൂഹ്യ ശാസ്ത്രം**

# നഷ്ടസ്വപ്നങ്ങൾ

ഒരു വട്ടമെങ്കിലും വന്നണയാതെ പോയ സൗ
ഭാഗ്യങ്ങളോക്കെയും ഒരു നീറ്റലായ്
എന്നെ തഴുകുമ്പോൾ,ഓർക്കുവാനെങ്കിലും
ബാക്കിയാക്കി,ഓർക്കുന്നു ഞാനെൻ സ്വപ്നങ്ങളെ.........

ശിശുവാം എന്നെ തഴുകുമാ കരങ്ങളെ
ഒന്നു തുണരുവാൻ ഞാൻ കൊതിച്ചിരുന്നു.
അഭിമാനപൂർവ്വമാ നെഞ്ചോട് ചേർന്നിരു
ന്നൊന്നുമയങ്ങാൻ ആഗ്രഹിച്ചു................

ഫലിതമായെന്നോണം കഥകളരുമാ
സ്വരമൊന്ന് കേൾക്കുവാൻ കൊതിച്ചിരിന്നു.
ദൈവീകമാ സ്വരം കേൾക്കുവാൻ പോലും
ഭാഗ്യമില്ലാതെ ഞാൻ മൂകയായി.............

വേലപൂരങ്ങൾക്ക് തോളിലൊന്നേറിയാ
കാഴ്ച്ചകൾ കാണാൻ കൊതിച്ചിരുന്നു.
ആ കരങ്ങൾതൻ ധൈര്യത്തിൽ ഒന്നാ
ർത്തുവിളിക്കുവാനുമൊരു കൊതി ഉണ്ടെനിക്ക്..........

ആ കൈപിടിച്ചീ ലോകം മുഴുവനും
ഒന്നോടി നടക്കുവാൻ കൊതിച്ചിരുന്നു.
ആ മനസ്സിലെ ആശയമൊക്കെയും
ഗ്രഹിക്കുവാനും ഞാനാഗ്രഹിച്ചിരുന്നു.................

എന്നെ ശാസിക്കുമാ വാക്കുകളൊക്കെയും
ഒരു ചെറു വേദനയോടെ ആസ്വദിക്കുവാനും
എൻ കണ്ണുനീരിൽ ആശ്വസമായണയും
ആ മനസ്സിനെ തേടി ഞാൻ അലയന്നു...........

ആശകളൊക്കെയും ബാക്കിയാക്കിയൊന്ന്
കാണുവാൻ പോലുമാകാതെ എന്നെ
തനിച്ചാക്കി പോയ ആ സ്നേഹമൂർത്തിയെ
ഇന്നുമെന്നും ഞാൻ ഓർക്കുന്നു..............

ഒരുനൂറു സ്വപ്നങ്ങളൊക്കെയും ഒരു
നിമിഷത്തിൽ തകർത്തെറിഞ്ഞ എൻ
അച്ഛൻ ഇന്നുമൊരു നഷ്ടസ്വപ്നമായ്
എന്നുള്ളിൽ നീറുന്നു...............

ഇനിയൊരിക്കലും തിരികെയെത്തുവാൻ
ആകാതെ ഒരു നീറ്റലായ് , നഷ്ട
സ്വപ്നങ്ങളുടെ തീരാ ഓളങ്ങളായ്
എന്റെ മനസ്സിൽ അലയടിക്കുന്നു .............

നഷ്ടമാം പിതൃസ്നേഹവും ഒരു മിന്നലായ് ,
മഴയായ് എൻ ജീവിതമൊക്കെയും
വാരപുണരവേ നഷ്ടസ്വപ്നങ്ങളുടെ
സാഗരമായ് ഞാൻ മാറുന്നു.............



ചന്ദന. സി. മോഹൻ
9-ഡി

# ചന്ദനം

ഇന്ന് ഗുരു വൃക്ഷമായിരുന്നു. സുഗന്ധമുള്ള, നൈർമല്യമുള്ള, വിശുദ്ധിയുള്ള ഒരു വൃക്ഷം. ചന്ദനം അലിവോടെ പലതും പറയാൻ തുടങ്ങി താഴ്ത്താങ്ങായും, ഇലയായും, സുഗന്ധമായും മനസ്സിൽ ഗുരു വിടരുന്നു. ഉണ്മകളിലെ സുഗന്ധവും, ഔഷധ ഗുണവുമാണ് ചന്ദനത്തിന്റെ തനിമ. പുറമോട് അത്രസുന്ദരമോ, മൃദുവോ അല്ല. പൂക്കൾക്ക് അത്രമേൽ സിഗന്ധമോ, കായ്ക്ക് മധുരമോ ഇല്ല. എന്നാൽ ഉണ്മയുടെ കരുത്തിലും ശുദ്ധിയിലും അത് വിലപിടിപ്പുള്ളതായിത്തീരുന്നു.

ചന്ദനത്തിന്റെ ഗന്ധം ദൈവപ്രീതി ഉണർത്തുന്നു. സാന്നിധ്യം കൊണ്ട് ദൈവപ്രീത ഉണർത്താൻ കഴിയുക എന്നതാണ് ജീവിതങ്ങളുടെ ഏറ്റവും വിശുദ്ധമായ നിയോഗം. ഒരു ദിവ്യ ഔഷധത്തിന്റെ അമൂല്യതയോടെ അകത്തേക്ക് കടന്ന് ആശ്വാസം പകരാൻ ചന്ദനക്കുഴമ്പിന് കഴിവുണ്ട്. ഉപരിപ്ലവമായ ചലനങ്ങളേക്കാൾ ആഴങ്ങളെ സ്പർശിക്കാൻ ഔഷധ ഗുണമാകുന്ന വിശുദ്ധി സ്വപ്നമായിരിക്കട്ടെ. ഉള്ളത് ഉള്ള തുറന്നുകൊടുക്കുക എന്നത് മനസ്സിന്റെ നന്മയാണ് ഉള്ളതേ കൊടുക്കാനാകൂ എന്നത് വിസ്മരിക്കരുത്. 'ചന്ദനം ചാരിയാൽ ചന്ദനം മണക്കും ' എന്ന പഴഞ്ചൊല് ചിന്താവിഷയമാകുമ്പോൾ പകർന്നു കൊടുക്കേണ്ട നന്മയുടെ സുഗന്ധം ലക്ഷ്യമാകട്ടെ...

കാത്തു സൂക്ഷിക്കുന്ന സൗന്ദര്യ സങ്കല്പങ്ങളിൽ ചന്ദനത്തിന് ഇടം നൽകാത്തവർ കുറവാണ്. ചന്ദനം പകരുന്നകാന്തിയോളം ജീവിത സങ്കല്പങ്ങൾക്ക് മാറ്റ്കൂട്ടാൻ കഴിയണം. വിശുദ്ധജന്മങ്ങൾക്കു പിന്നിൽ തപശുദ്ധിയുടെ പവിത്രതയുണ്ടെന്ന് ഓരോ വിശുദ്ധജന്മവും തെളിയിക്കുമ്പോൾ പൂർമായ വളർച്ചയെത്താൻ,ഉള്ള് ഉള്ളതാകാൻ കാത്തിരിപ്പിന്റെ

പുണ്യദിനങ്ങൾ അനിവാര്യമാണ്.

കാട്ടിലെ പാഴ്മരങ്ങളെ തേടി ആരും പോകാറില്ല.ചന്ദനമരത്തിന്റെ അമൂല്യതയാണ്, അതിനെ ഒരു കൊള്ളവസ്തുവാക്കിമാറ്റുന്നത്. പങ്കുവയ്ക്കാൻ എന്തെങ്കിലും ഉള്ളപ്പോഴല്ലേ ജീവിതത്തിന് സാന്ദ്രത കൈ വരുന്നത് മംഗളാവസരങ്ങൾക്ക് ചാരുത പകരുന്നത് ചന്ദനക്കുറിയാണെന്ന് അനുഭവങ്ങളിൽ നിന്ന് മനസ്സിലാക്കുക. മംഗളവും ഐശ്വര്യവുമായി മാറേണ്ട പാഠം ജീവിതത്തിൽ നിന്ന് ഉൾക്കൊള്ളാൻ മറക്കരുത്. തണുത്ത ഒരു വിരൽത്തുമ്പുപോലെ ശാന്തമായി നെറ്റിത്തടങ്ങളെ സ്പർശിക്കാൻ ചന്ദനത്തിന് കഴിയുന്നു. രോഗിയായ അച്ഛന് ഒരു കുരുന്ന് നൽകുന്ന ചുംബനം പോലെ ഊഷ്മളമാണത്. അതുകൊണ്ടുതന്നെ ചന്ദനം ചൂടിയ മുഖം സൂര്യനുദിച്ച കിഴക്കുദിക്കിനോടുപമിക്കാൻ എനിക്കു തോന്നുന്നു.

പ്രതീക്ഷയുടെ ഒരു ഉദയം......

ചന്ദനം എന്നുകേൾക്കുമ്പോൾ നെറ്റിത്തടത്തിൽ തൊടുന്ന ചന്ദനക്കുഴമ്പിനെയാണ് നാം സ്മരിക്കാറ്. അല്ലാതെ കാട്ടിലെ ചന്ദനമരത്തെയല്ല. അമൂല്യമായത് പരിവർത്തനം സംഭവിച്ച സത്ത് മാത്രമാണ്.അതിന് നോവിന്റെയും നിഷ്ഠയുടെയും ദിനങ്ങൾ ഒരു അനിവാര്യതയാണ്. ചന്ദനത്തെ ശാന്തിയോട് ഉപമിക്കാറുണ്ട്. കുങ്കുമത്തെ ജ്ഞാനത്തോടും. ശാന്തിയിൽ ജ്ഞാനമുദിക്കണം എന്നായിരിക്കാം ചന്ദനക്കുറിയിൽ കുങ്കുമം തൊടുന്നവർ പ്രാത്ഥിക്കുന്നത്. ചന്ദനമുട്ടികളിൽ എരിഞ്ഞു തീരുന്നവർക്കും, പാഴ്ത്തടികളുള്ളിൽ കത്തിയമരുന്നവരും, പാതയോരങ്ങളിൽ ജീർണ്ണിച്ചു
തീരുന്നവരുമുണ്ട്. എന്നാൽ 'മോക്ഷം' ചന്ദനത്തിലെരിയുന്നവന് ലഭിക്കുന്ന സൗജന്യമല്ല.

നിയോഗങ്ങൾ പലർക്കും പലതാണ്.

ചിലർക്ക് ഈശ്വരാവബോധം ഉണർത്താൻ, ചിലർക്ക് താരാട്ടു പാടാൻ,ചിലർക്ക് വാതായനങ്ങളാവാൻ ... ചിലർക്ക് സ്വയം എരിഞ്ഞുതീരാൻ ...ചിലർക്ക് സുഗന്ധം പരത്താൻ ....ചിലർക്ക് വെറും തണലാകാൻ...നോക്കു ചന്ദനക്കുറി,ചന്ദനക്കട്ടിൽ,ചന്ദനമണിവാതിൽ,ചന്ദനതിരി അങ്ങനെ അങ്ങനെ....ചന്ദനവും മൃഗങ്ങളെപ്പോലെയാണ്. 'വിദ്വേഷബുദ്ധിയില്ലാത്ത' പാവങ്ങൾ, അവർ സമരങ്ങളില്ലാതെ വംശനാശത്തിന് വിധേയമാക്കപ്പെടുന്നു....

മുളച്ചപൊന്തിയപ്പോൾ അവർ പറഞ്ഞു ഏയ് ഇത് ചന്ദനമൊന്നുമല്ല. വളർന്നു തുടങ്ങിയപ്പോൾ അവർ വീണ്ടും പറഞ്ഞു മറ്റേതോ പാഴ്ച്ചെടിയെന്ന്.എന്നാൽ കാതലായി തുടങ്ങിയപ്പോൾ അതിനെ വെട്ടാൻ പലരും കത്തിയെടുത്തു... ഒരു നാൾ ആ തോട്ടത്തിന്റെ ഉടമ പറഞ്ഞു; ആ മരം വെട്ടി വിൽക്കുന്നതാണ് നമ്മുടെ സുരക്ഷിതത്വത്തിന് നല്ലത്. അവരത് വെട്ടി... അതിന്റെ കാതലും വെള്ളയും വിറ്റു...ഒടുവിൽ അതിനെക്കുറിച്ച് ആരും സംസാരിക്കാതെയായി. എന്നാൽ നാളുകൾക്കുശേഷം അത് നിന്നിടത്തുനിന്നു ഒരും ചെറുമുള ശിരസ്സുയർത്തി. ആഴങ്ങളിലെവിടെയോ ഇനിയും അണയാതെ ഒരു വേരിന്റെ നന്മയുണ്ട് എന്നു പറയും പോലെ.

"ഒടുവിലീ യാത്രതന്നൊടുവിലെൻ നിഴലിന്റെ
മടിയിൽ ഞാനൊരുനാൾ തളർവീഴും
ഒരു പിടിയോർമ്മകൾ നുകർന്നു ഞാൻ പാടും
ഒരു ഗണമീ ഹംസഗാനം!
നന്ദി! എന്റെ ജീവിതമേ, നന്ദി-നീ
തന്നതിനെല്ലാം നന്ദി....."
-യുദ്ധകാണ്ഡം



സി.ആർഷ (കൈറ്റ് മിസ്ട്രസ് )
എച്ച്.എസ്.എ മലയാളം

# സെർച്ചിംഗ്

എയറോ വാനിന്റെ ഹോണടി കേട്ടപ്പോൾ മാളു പ്ലേറ്റിൽ ശേഷിച്ച ടാബ് ലെറ്റുകളെ ഉപേക്ഷിച്ച് ഓടി. അടുക്കളയിൽ നിന്ന് ഓടി വന്ന റോബോട്ട് അവളുടെ പാം ടോപ്പ് എടുക്കുവാൻ ഓർമ്മിപ്പിച്ചു.ചൊവ്വയിലേക്കുള്ള വാനിൽ അവളുടെ കൂട്ടുകാരി അമ്മു ഉണ്ടായിരുന്നില്ല....'ഇവളെന്താ വരാത്തത് ?'ഓ... ഞാൻ മറന്നുപോയി.ഇന്ന് അമ്മു അവളുടെ ഫാമിലിയോടൊപ്പം ചന്ദ്രനിലേക്കു പോവുകയാണല്ലോ.......അവളോർത്തു. ക്ലാസ്സിൽ എത്തുന്നതുവരെ അവൾ നിശബ്ദയായിരുന്നു. കുഞ്ഞു ജനാലയ്ക്കപ്പുറമുള്ള നക്ഷത്രങ്ങളേയും അവൾ മറന്നു.....അവരോട് മിണ്ടാനും.......അന്ന് ക്ലാസ്സെടുത്തത് ഇരുപതാം നൂറ്റാണ്ടിലെ മനുഷ്യരെക്കുറിച്ചായിരുന്നു.സ്നേഹം, കരുണ, സാഹോദര്യം തുടങ്ങിയ പുതിയ വാക്കുകൾ അവൾ പാം ടോപ്പിൽ നോട്ടുചെയ്തുവച്ചു. അന്നത്തെ കാലത്ത് ജീവിച്ചിരിപ്പുണ്ടായിരുന്ന മുത്തശ്ശൻ,മുത്തശ്ശി എന്നീ ജീവികളെക്കുറിച്ച് കൂടുതൽ സെർച്ച് ചെയ്യണമെന്ന് മാളു തീരുമാനിച്ചു. ഇന്റർവെല്ലിന് കമ്പ്യൂട്ടർ ഗെയിം കളിക്കുന്നതിനിടെ ആരുടെയോ വിരൽത്തട്ടി മഴയുടെ സ്വിച്ച് ഓണായി. മഴവില്ലിന്റെ പരീക്ഷണത്തിനായി കാത്തുവച്ചിരുന്ന വെള്ളവും അതോടെ തീർന്നുപോയി.

ഇനി വ്യാഴത്തിൽ നിന്ന് ഹൈഡ്രജനും,ഭൂമിയിൽ നിന്ന് ഓക്സിജനും കൊണ്ടുവന്നതിനു ശേഷം മാത്രമേ അതുചെയ്യാനാവൂ. ഉച്ചക്ക് ടാബ്‌ലെറ്റ് ഫുഡ് കഴിച്ചുകൊണ്ടിരിക്കുന്നതിനിടെയാണ് മിസ്സ് ആ സന്തോഷവാർത്ത അറിയിച്ചത്. നാളെ വിവിധ കാലാവസ്ഥകളെക്കുറിച്ച് അറിയുന്നതിനായി ഇരുപത്തിനാല് ഗ്രഹങ്ങളിലേക്ക് സ്റ്റഡിടൂർ.......മാളുവിന് സന്തോഷമടക്കാനായില്ല. വീട്ടിലെത്തിയ അവൾ തന്റെ കളിക്കൂട്ടുകാരി ജി.എയ്റ്റിനോട് ടൂറിനെക്കുറിച്ച് പറഞ്ഞു.

ജി. എയ്റ്റ് തന്റെ ഇലക്ട്രോണിക് ഹൃദയം കൊണ്ട് അവളുടെ സന്തോഷത്തിൽ പങ്കുചേർന്നു. അവരൊന്നിച്ച് തലേന്ന് നിർമ്മിച്ച ജി.എം.റോക്കറ്റ് വിക്ഷേപിച്ചു. അതു തനിക്കു കിട്ടിയതായി ബുധനിൽ നിന്ന് സി.ഫൈൽ മെയിൽ അയച്ചു. മെയിൽ വായിക്കുന്നതിനിടെയാണ് മാളു അതോർത്തത്. അവൾ വേഗം നെറ്റിൽ മുത്തശ്ശൻ,മുത്തശ്ശി എന്നടിച്ചുകൊടുത്ത് സെർച്ച് ബട്ടൻ അമർത്തി. മുഖം നഷ്ടപ്പെട്ട അവൾക്കുമുന്നിൽ മുഖം നിറയെ ചിരിയുമായി ഇരുപതാം നൂറ്റാണ്ടിലെ വൃദ്ധർ നിരന്നു. അവർക്കുമുന്നിൽ തന്റെ മുഖം തെരഞ്ഞുകൊണ്ട് അവളും..............



ഷീജ റോബർട്ട് (കൈറ്റ് മിസ്ട്രസ്)
എച്ച്. എസ്സ്.എ ഇംഗ്ലീഷ്

# പുഴയുടെ കൈകൾ

ജീവിതം എന്നിലേൽപ്പിച്ച പ്രഹരവും
പ്രഹരം എന്നിലേൽപ്പിച്ച മിറിവുകളും
ഒക്കെയും കോരി കഴുകിയെടുത്ത്
സ്വച്ഛമായ് ശാന്തമായ് ഒഴുകയാണാപ്പുഴ.

എൻ ജീവിതത്തിലൂടെയവൾ ഒഴുകുമ്പോൾ
എൻ കണ്ണീരിനെ നിർജ്ജീവമാക്കിടുമ്പോൾ;
അറിയാതെ അറിയാതെ ഞാനുമാ കഥകൾതൻ
വഞ്ചിയിലേറി തുഴഞ്ഞിടുന്നു.

ബാല്യകാലത്തിൽ കുസൃതികളെന്നെ
ചൂരൽവടികാട്ടി പേടിപ്പിക്കുമ്പോഴും
വികൃതിതൻ ചുവടുകൾ എന്നെ പലപ്പോഴും
മുറിവുകൾ നൽകി തളർത്തിടുമ്പോഴും

അനന്തമാം വിണ്ണിൻ മുഖം പ്രതിഫലിക്കുമാ
സ്വച്ഛമാം കണ്ണാടിയെന്നുമെന്നും
സ്നേഹലാളനകൾ തൻ ഓളങ്ങൾ പുൽകി
എൻ മുറിവുകളൊക്കെയും ഉണക്കിടുന്നു.

സഹോദരരെന്നോണം സ്നേഹമേകിയ
സ്നേഹിതരെന്നെയകറ്റിയതോർത്ത് ഞാൻ
അവളുടെ അരികിൽ മൂകമായി ചെന്നാ
ഓർമ്മതൻ തേരിൽ ഉരുകിടുമ്പോഴും

ഒരുതവണപോലും പുറകോട്ടൊന്നൊഴുകാതെ
പുതിയ തിരകളേന്തി വന്നവളെന്റെ
പുതുതോഴിയായി എൻ ഓർമ്മകളൊക്കെയും
കഴുകിയെടുത്തവളെന്നിൽ ആശ്വാസമായി....

അനന്തമായ് സ്നേഹിച്ച എൻ അച്ഛനെന്നിൽ
വാക്കുകളാം വാളേന്തി മുറിവേൽപ്പിച്ചപ്പോഴും
സഹോദരർ എന്നേക്കുമായെന്നെ നാല്-
ചുവരുകൾക്കുള്ളിൽ ബന്ധിച്ചിടുമ്പോഴും
സർവ്വ സർവ്വാതികളുമേന്തി ഒഴുകുന്നവൾ
തൻ സ്നേഹിതനാം തെന്നലിനെ ദൂതയച്ച
ചുട്ടുനൊമ്പരമേറ്റു കിടന്നെന്റെ മേനിയൊക്കെയും
സ്നേഹത്തിൻ കുളിർമയേന്തി മടങ്ങിപ്പോയി
ഒടുവിലെന്നെ ഒതുക്കി കിടത്തിയീ-
ട്ടെന്നേക്കുമായി പറന്നകന്നുപോയ-
യെൻ അച്ഛന്റെ ചിതയെരിഞ്ഞിടുമ്പോൾ
എന്റെ മനമുമാചിതയിൽ എരിഞ്ഞിടുമ്പോൾ
ഒരു കുടം വെള്ളത്തിലാ ചിതയൊന്നു-
രുക്കിയവൾ നീങ്ങിടുമ്പോൾ
എൻ മനസ്സിൻ മുറിവുകളൊക്കെയും അവളി-
ലേൽപ്പിച്ചു മടങ്ങയാ ഞാൻ അവളിലേക്ക്.......



ചന്ദന. സി. മോഹൻ
9 ഡി

# എഴുതാനിരിക്കുന്നവന്റെ മേശപ്പുറത്ത്.......

എഴുതാനിരിക്കുന്നവന്റെ മേശപ്പുറത്ത്
എറിയാനോങ്ങുന്നവന്റെ
കല്ലുകൾ കൂടി വേണം
എഴുതാനിരിക്കുന്നവന്റെ
ഞരമ്പുകളിൽ
കൊല്ലാനട്ടഹസിക്കുന്നവന്റെ
ചോര കൂടി തിളയ്ക്കണം
എഴുതാനിരിക്കുന്നവന്റെ
മഷിക്കുപ്പിയിൽ
വായിക്കാനിരിക്കുന്നവന്റെ
കണ്ണീരു കൂടികലർത്തണം.

എഴുതാനിരിക്കുന്നവന്റെ
കൊടിമരത്തിൽ
ഉത്സവങ്ങളില്ലാത്തവന്റെ
കൊടിതോരണങ്ങളും വേണം
വിമർശനമെന്ന മൂല്യവിചാരത്തെ
വഴിപിഴച്ചമനസ്സുകൾ
തെറ്റായി വ്യാഖ്യാനിക്കുമ്പോൾ
ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ

മൂടുപടമണിയുന്നു.

ആവിഷ്കാരത്തിന്റേത്,
അതിരുകളില്ലാത്ത
ആകാശങ്ങളേക്കാൾ
വകതിരിവുകളുടെ
വയൽ വരമ്പുകളാവണം.
പാറിപ്പറക്കാവുന്ന
ചിറകുകളേക്കാൾ
ഇടറിപ്പോയേക്കാവുന്ന
പാദങ്ങളാവണം.
വാക്കുകൾ കൊണ്ട്
മുറിപ്പെടുത്തുമ്പോഴല്ല,
വാക്കുകൾ പുരട്ടി
മുറിവുണക്കുമ്പോഴാണ്
വാക്കിനുമേലൊരാൾ
കൈയടക്കം നേടുന്നത്.

പ്രതിഭയുടെ തിളക്കം
പാടേ നഷ്ടപ്പെടുന്നവൻ
മിന്നിത്തിളങ്ങേണ്ടത്
എരിതീയിലൊഴിക്കുന്ന
എണ്ണ കൊണ്ടാവരുത്

അന്നമില്ലാത്തൊരാൾ
മുന്നിലിരുന്ന വേവുമ്പോൾ,
ഉണ്ടിട്ടുകൈ കഴുകാതെപോയ
വഴിപോക്കനെയോർത്ത്
നീറിപ്പുകയുന്ന
ചിത്തഭ്രമക്കാരനെപോലെ
ദിശാസൂചികളൊടിഞ്ഞ്
എഴുത്തു ദൈവങ്ങൾ.

എഴുതാനിരിക്കുന്നവന്
ഉള്ളിൽത്തോന്നുന്നതെന്തും
കുത്തിക്കുറിച്ചു വെക്കാം
അച്ചിലേക്കിടും മുൻപ്
വഴിതെറ്റിപ്പോയ
വാക്കുകളെ പെറുക്കി
ദൂരേക്കെറിയാനാകണം...

എഴുതാനിരിക്കുന്നവന്റെ
മേശപ്പുറത്ത്
പൊട്ടിവിരിഞ്ഞ
കണ്ണാടിയൊന്നു വേണം.
എഴുതിച്ചിതറിക്കുന്ന
നന്മത്തരികളെക്കാണാൻ....



സി.ആർഷ (കൈറ്റ് മിസ്സ്ട്രസ്സ്),
എച്ച്.എസ്സ്. എ മലയാളം

# ഗുരോ പ്രണാമം.....


- അധ്യാപകൻ ഒരു തിരിയാണ്. സ്വയം ഉരുകിത്തീരുമ്പോഴും നിന്നിലെ ഇരുളകറ്റാൻ ബദ്ധപ്പെടുകയാണയാൾ.
- അധ്യാപകൻ ഒരു സാക്ഷ്യമാണ്. കാരണം നീ പഠിച്ചതിനൊക്കെ ഒരേയൊരു തെളിവും മാതൃകയും അയാളുടെ ജീവിതമാണ്.
- അധ്യാപകൻ ഒരു താക്കോലാണ്. നന്മയുടെ നേർക്ക് കൊട്ടിയടയ്ക്കപ്പെട്ട നിന്റെ ഹൃദയവാതിലുകൾ തുറക്കാനാകുമയാൾക്ക്.
- അടച്ചിട്ട ക്ലാസ്സ് മുറിയിൽ മുഴങ്ങുന്ന ശബ്ദമായി മുമ്പിൽ തെളിയുന്ന രൂപമല്ല, അധ്യാപകൻ. നിശബ്ദതയിൽ നീ കണ്ടുമുട്ടുന്ന ഓരോ വ്യക്തിയിലുമുണ്ട് അയാൾ.
- 'ചീത്തക്കുട്ടികളായി 'ത്തീരുന്നത് നല്ലത് പറഞ്ഞുകൊടുക്കാൻ ഒരു 'അധ്യാപക'നില്ലാത്തതുകൊണ്ടാണ്.

- കുഞ്ഞുനാൾ മുതൽ നിന്നെ പിന്തുടരുന്ന മനസാക്ഷിയുടെ സ്വരമാണയാൾ.
- നിനക്ക് മഹാനാകണമെങ്കിൽ ഒരു അധ്യാപകന്റെ സാന്നിധ്യം കൂടിയേ തീരൂ.അത് ഗുരുഭൂതരാകാം,മാതാപിതാക്കളാ-കാം,സതീർത്ഥ്യരാകാം.....
- ഒന്നിനെക്കുറിച്ചും അറിവില്ലാതിരുന്ന നിനക്കായി അറിവിന്റെ സമുദ്രം തീർത്ത അധ്യാപകനോടുള്ള കടമ എങ്ങനെയാണ് നീ വീട്ടിതീർക്കുക?


***-ഏകലവ്യൻ***

# ലിറ്റിൽ കൈറ്റ്സ് ഒരുക്കിയ വർണ്ണവിസ്മയങ്ങൾ.........











# ഹൃദയപൂർവ്വം.................

മഴനിലാവുപോലെ...........

ശുഭ്രമേഘജാലങ്ങൾ പോലെ..............

ആകാശത്തെ തൊടാൻ കൈനീട്ടുന്ന പർവ്വതങ്ങളുടെ വിരൽത്തുമ്പിൽ നാദമായ് വന്ന്.......... ശബ്ദതരംഗമായ്.........ആത്മചേതനകളെ

തഴുകി ഉണർത്തുന്ന **വൈഖരിയായ്..............**

മാതൃഭാഷയുടെ.........ഹൃദയ സ്പന്ദനം നെഞ്ചേറ്റി.....

സാങ്കേതികവിദ്യയുടെ വർണ്ണവിസ്മയങ്ങളിൽ അഭിരമിച്ച്......

ഞങ്ങൾ യാത്ര തുടരുന്നു.........

ഇത് യാത്രയുടെ അന്ത്യമല്ല, ആരംഭമാണെന്നറിയുന്നു..........

വിട....................




CHERUPUSHPAM
GIRLS HIGHER SECONDARY SCHOOL
VADAKKENCHERRY, PALAKKAD 678683